2024 NOVEMBER
22
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# അദാനി ഓഹരികളിൽ എൽ.ഐ.സിക്ക് നഷ്ടമായത് 12,000 കോടി

**മുംബൈ:** അദാനി ഓഹരികളുടെ തകർച്ചയിൽ രാജ്യത്തെ വൻകിട നിക്ഷേപ സ്ഥാപനങ്ങളിലൊന്നായ ലൈഫ് ഇൻഷുറൻസ് കോർപറേഷൻ ഓഫ് ഇന്ത്യ(എൽ.ഐ.സി)ക്ക് നഷ്ടമായത് 12,000 കോടിയോളം രൂപ. യു.എസിലെ കൈക്കൂലിതട്ടിപ്പ് കേസിലെ കുറ്റാരോപണത്തെ തുടർന്ന് അദാനി ഓഹരികളിൽ വ്യാഴാഴ്ചയുണ്ടായ തിരിച്ചടിയിലാണ് ഇത്രയും മൂല്യമിടിവ് ഉണ്ടായത്.

250 മില്യൺ ഡോളറിന്റെ അഴിമതി ആരോപണത്തെ തുടർന്ന് അദാനി ഗ്രൂപ്പ് ഓഹരികൾ 20 ശതമാനം വരെയാണ് ഇടിവ് നേരിട്ടത്.




കഴിഞ്ഞ സെപ്റ്റംബറിലെ കണക്ക് പ്രകാരം അദാനി ഗ്രൂപ്പിലെ ഏഴ് കമ്പനികളിലാണ് എൽഐസിക്ക് നിക്ഷേപമുള്ളത്. അദാനി എന്റർപ്രൈസസ്, അദാനി പോർട്സ്, അദാനി ഗ്രീൻ എനർജി, അദാനി എനർജി സൊലൂഷൻസ്, അദാനി ടോട്ടൽ ഗ്യാസ്, എസിസി, അംബുജ സിമെന്റ്സ് എന്നിവയാണവ. ഈ കമ്പനികളിലെ മൊത്തം നിക്ഷേപ മൂല്യത്തിൽ വ്യാഴാഴ്ച ഉച്ചയോടെ 11,278 കോടി രൂപയുടെ ഇടിവാണുണ്ടായത്.

അദാനി പോർട്സിലെ നിക്ഷേപത്തിലാണ് കൂടുതൽ ഇടിവുണ്ടായത്. 5,009.88 കോടി രൂപയോളമാണ് നഷ്ടമായത്. അദാനി എന്റർപ്രൈസസിലെ നിക്ഷേപ മൂല്യത്തിൽ 3,012.91 കോടി രൂപയും അംബുജയിലെ മൂല്യത്തിൽ 1,207.83 കോടി രൂപയും അദാനി ടോട്ടൽ ഗ്യാസിൽ 807.48 കോടിയും അദാനി എനർജി സൊലൂഷൻസിൽ 716.45 കോടിയും അദാനി ഗ്രീൻ എനർജിയിൽ 592.05 കോടിയും എസിസിയുടെ നിക്ഷേപ മൂല്യത്തിൽ 381.66 കോടിയും നഷ്ടമായതായാണ് കണക്ക്.

യുഎസിന്റെ ആരോപണത്തെ തുടർന്ന് അദാനി എനർജി സൊലൂഷൻസിന്റെ ഓഹരി വില 20 ശതമാനമെന്ന ലോവർ സർക്യൂട് ഭേദിച്ച് 697 നിലവാരത്തിലെത്തി. അദാനി എന്റർപ്രൈസസിന്റെയും അദാനി പോർട്സിന്റെയും ഓഹരി വില യഥാക്രമം 19 ശതമാനവും 15 ശതമാനവും താഴ്ന്നു. ഗ്രൂപ്പിലെ മറ്റ് ഓഹരികളുടെ വില 10 ശതമാനംവരെ ഇടിയുകയും ചെയ്തു.

വ്യാഴാഴ്ച മാത്രം അദാനി കമ്പനികളുടെ മൊത്തം വിപണി മൂല്യത്തിൽ രണ്ട് ലക്ഷം കോടി രൂപയാണ് അപ്രത്യക്ഷമായത്.

## പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കാൻ മന്ത്രിമാരുടെ നേതൃത്വത്തിൽ അദാലത്തുകൾ

**തിരുവനന്തപുരം:** താലൂക്ക് തലത്തിൽ ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി മന്ത്രിമാരുടെ നേതൃത്വത്തിൽ അദാലത്ത് നടത്താൻ മന്ത്രിസഭായോഗ തീരുമാനം. ഡിസംബർ, ജനുവരി മാസങ്ങളിലാണ് അദാലത്ത്. കളക്റ്ററേറ്റിലെയും ബന്ധപ്പെട്ട താലൂക്കിലെയും പരാതിയുമായി ബന്ധപ്പെട്ട വകുപ്പിലെയും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിലാകും അദാലത്ത്.

അദാലത്തിൽ പരിഗണിക്കുന്ന വിഷ!യങ്ങൾ: ഭൂമി സംബന്ധമായ വിഷയങ്ങൾ (പോക്കുവരവ്, അതിർത്തി നിർണ്ണയം, അനധികൃത നിർമ്മാണം, ഭൂമി കയ്യേറ്റം, അതിർത്തിത്തർക്കങ്ങളും വഴി തടസ്സപ്പെടുത്തലും), സർട്ടിഫിക്കറ്റുകളും ലൈസൻസുകളും നൽകുന്നതിലെ കാലതാമസവും നിരസിക്കലും, കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ടവ, വയോജന സംരക്ഷണം, പട്ടികജാതിപട്ടികവർഗ വിഭാഗങ്ങൾക്കുള്ള വിവിധ ആനുകൂല്യങ്ങൾ

മത്സ്യബന്ധന തൊഴിലാളികളുമായി ബന്ധപ്പെട്ടവ, ശാരീരിക, ബുദ്ധി, മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസം, ധനസഹായം, പെൻഷൻ, ബന്ധപ്പെട്ട മറ്റ് ആവശ്യങ്ങൾ, പരിസ്ഥിതി മലിനീകരണം, മാലിന്യ സംസ്കരണം, പൊതു ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ളവും. റേഷൻകാർഡ് എപിൽ, ബിപിഎൽ ചികിത്സാ ആവശ്യങ്ങൾക്ക്, കാർഷിക വിളകളുടെ സംഭരണവും വിതരണവും, വിള ഇൻഷുറൻസ്, കാർഷിക മേഖലയുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ, വളർത്തുമൃഗങ്ങൾക്കുള്ള നഷ്ടപരിഹാരവും സഹായവും, മേഖലയുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ.

ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ടവ, വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതി, ആരോഗ്യമേഖലയിലെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ, വന്യജീവി ആക്രമണങ്ങളിൽ നിന്നുള്ള സംരക്ഷണവും നഷ്ടരിഹാരവും, വിവിധ സ്കോളർഷിപ്പുകൾ സംബന്ധിച്ചുള്ള പരാതികളും അപേക്ഷകളും, തണ്ണീർത്തട സംരക്ഷണം, അപകടകരങ്ങളായ മരങ്ങൾ മുറിച്ചുമാറ്റുന്നത്, എൻഡോസൾഫാൻ ദുരിതബാധിതരുടെ വിഷയങ്ങൾ, പ്രകൃതി ദുരന്തങ്ങൾക്കുള്ള നഷ്ടപരിഹാരം, പരിഗണിക്കാത്ത വിഷയങ്ങൾ, നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ, ലൈഫ് മിഷൻ, ജോലി ആവശ്യപ്പെട്ടുകൊണ്ടുള്ളവ, പിഎസ്സി സംബന്ധമായ വിഷങ്ങൾ, വായ്പ എഴുതി തള്ളൽ, പൊലീസ് കേസുകൾ, ഭൂമി സംബന്ധമായ വിഷയങ്ങൾ (പട്ടയങ്ങൾ, തരംമാറ്റം), മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായത്തിനായുള്ള അപേക്ഷകൾ, ചികിത്സാ സഹായം ഉൾപ്പെടെ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ, ജീവനക്കാര്യം (സർക്കാർ), റവന്യു റിക്കവറി  വായ്പാ തിരിച്ചടവിനുള്ള സാവകാശവും ഇളവുകളും.

## പാക്കിസ്ഥാനിൽ വെടിവയ്പ്പ്: 50 പേർ കൊല്ലപ്പെട്ടു

**ഇസ്ലാമാബാദ്:** വടക്കുപടിഞ്ഞാറൻ പാക്കിസ്ഥാനിലെ കുറം ജില്ലയിൽ വാഹനങ്ങൾക്കു നേരേ വെടിവയ്പ്പ്. സ്ത്രീകളും കുട്ടികളും അടക്കം അമ്പതിലധികം പേർ കൊല്ലപ്പെട്ടു. 29 പേർക്ക് പരുക്കേറ്റിട്ടുണ്ട്.



പെഷാവറിൽ നിന്ന് പരാചിനാറിലേക്ക് പോകുകയായിരുന്ന രണ്ട് വാഹന വ്യൂഹങ്ങളെയാണ് അക്രമികൾ ലക്ഷ്യമിട്ടത്. പൊലീസ് ബന്തവസോടെ 40 വാഹനങ്ങളാണ് രണ്ട് വ്യൂഹങ്ങളിൽ ഉണ്ടായിരുന്നത്. പത്തു പേരടങ്ങുന്ന സംഘമായിരുന്ന ആക്രമണത്തിനു പിന്നിൽ.

അക്രമികളെ തിരിച്ചറിഞ്ഞിട്ടില്ല. ഒരു സംഘടനയും ആക്രമണത്തിൻറെ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുമില്ല. ഇതേ മേഖലയിൽ കഴിഞ്ഞ ഒക്റ്റോബറിൽ പതിനാറ് പേർ സമാന സംഭവത്തിൽ കൊല്ലപ്പെട്ടിരുന്നു. അതിനു മുൻപ് ജൂലൈയിലും സെപ്റ്റംബറിലുമുണ്ടായ അക്രമ സംഭവങ്ങളിലും ഡസൻകണക്കിന് ആളുകൾ കൊല്ലപ്പെട്ടിരുന്നു.



# ദോസ്ത് സംസ്ഥാന സമ്മേളനം ഇന്ന്

**കൊച്ചി:** ഐ.എം.എ കൊച്ചിയും ഐ.എ.പി കേരള, കൊച്ചിൻ ചാപ്റ്ററുകളും സംയുക്തമായി ആതിഥ്യം വഹിക്കുന്ന ഡൗൺ സിൻഡ്രോം ട്രസ്റ്റിന്റെ (ദോസ്ത്) സിൽവർ ജൂബിലി സമ്മേളനം കലൂർ ഐ.എം.എ ഹൗസിൽ ഇന്ന് (നവംബർ 22) വൈകിട്ട് ഏഴിന് കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ ഉദ്ഘാടനം ചെയ്യും. സമ്മേളനത്തിൽ ദോസത് സപ്പോർട്ട് ഗ്രൂപ്പ് പ്രസിഡന്റ് ഡോ.ഷാജി തോമസ് ജോൺ അധ്യക്ഷത വഹിക്കും. ഡൗൺ സിൻഡ്രോം ഫെഡറേഷൻ ഓഫ് ഇന്ത്യ (ഡി.എസ്.എഫ്.ഐ) പ്രസിഡന്റ് ഡോ. സുരേഖ രാമചന്ദ്രൻ മുഖ്യ അതിഥിയായിരിക്കും. ഐ.എ.പി സംസ്ഥാന പ്രസിഡന്റ് ഡോ. ഷിമ്മി പൗലോസ്, ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.ജേക്കബ് അബ്രാഹം, ഡോ. വിവിൻ അബ്രാഹം,ഡോ. ജീസൺ സി. ഉണ്ണി, ഡോ. എം. നാരായണൻ, നാസർ ബാബു, നസ്റിൻ അഗ്ഫാ തുടങ്ങിയവർ സംസാരിക്കും. നാളെ (നവംബർ 23, ശനി) ന് രാവിലെ ഒമ്പതു മുതൽ ഡൗൺസിൻഡ്രോമുള്ള കുട്ടികളുടെ മാതാപിതക്കൾക്കായി വിവിധ വിഷയങ്ങളിൽ ക്ലാസുകൾ, ചർച്ചകൾ, സംശയം നിവാരണം എന്നിവ നടക്കും. സമ്മേളനത്തിൽ മാതാപിതാക്കൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ, വെല്ലുവിളികൾ എന്നി ക്രോഡീകരിച്ച് സർക്കാരിന് നിവേദനം സമർപ്പിക്കും.




**റോട്ടറി തൃപ്പൂണിത്തുറ, ഓർബിസ്‌ലൈവ്സ്, റോയൽ റണ്ണേഴ്സ് എന്നിവർ സംയുക്തമായി സംഘടിപ്പിക്കുന്ന ഓർബിസ് ലൈവ്സ് ഹാഫ് മാരത്തോൺ ലോഗോയും പോസ്റ്ററും റോട്ടറി ക്ലബ്ബ് പ്രസിഡന്റ് എൻ.ആർ പരമേശ്വരൻ, മാരത്തോൺ ചെയർമാൻ ആന്റൺ ഐസക്ക് കുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ പ്രകാശനം ചെയ്തപ്പോൾ**

## ഓർബിസ്‌ലൈവ്സ് തൃപ്പൂണിത്തുറ ഹാഫ് മാരത്തൺ: ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി:** റോട്ടറി തൃപ്പൂണിത്തുറ, ഓർബിസ്‌ലൈവ്സ്, റോയൽ റണ്ണേഴ്സ് എന്നിവർ സംയുക്തമായി സംഘടിപ്പിക്കുന്ന ഓർബിസ് ലൈവ്സ് ഹാഫ് മാരത്തൺന്റെ ലോഗോയും പോസ്റ്ററും പ്രകാശനം ചെയ്തു. തൃപ്പൂണിത്തുറ റോട്ടറി ക്ലബ്ബ് പ്രസിഡന്റ് എൻ.ആർ പരമേശ്വരൻ, മാരത്തോൺ ചെയർമാൻ ആന്റൺ ഐസക്ക് കുന്നേൽ എന്നിവർ ചേർന്നാണ് പ്രകാശനം നിർവ്വഹിച്ചത്. ഓർബിസ്‌ലൈവ്സ് ഡയറക്ടർ മജ്നു സാബു, റൺ ഡയറക്ടർ പാർവ്വതി, മാരത്തോൺ ഓട്ടക്കാരൻ പോൾ പടിഞ്ഞാറേക്കര, രാജീവ്, സുനിൽ നായർ, പ്രദീപ് മേനോൻ തുടങ്ങിയവർ സംസാരിച്ചു. ചിറ്റിലപ്പിള്ളി സ്ക്വയറിൽ ഫെബ്രുവരി രണ്ടിനാണ് മാരത്തോൺ നടക്കുന്നത്. രജിസ്ട്രേഷൻ ഉടൻ ആരംഭിക്കും. മാരത്തണിൽ നിന്നും ലഭിക്കുന്ന വരുമാനം കായിക മേഖലയുടെ വികസനത്തിനായി വിനിയോഗിക്കുമെന്ന് സംഘാടകർ അറിയിച്ചു.

## വി. പി രാമചന്ദ്രൻ ജന്മശതാബ്ദി ആഘോഷങ്ങൾക്കു തുടക്കം

**കൊച്ചി:** വാസ്തവത്തിനും വാർത്തകൾക്കും അപ്പുറം സ്വന്തം നിലപാടുകൾ മുന്നോട്ടുവയ്ക്കാൻ ശ്രമിക്കുന്നതാണ് പുതിയ മാധ്യമപ്രവണതയെന്ന് പ്രശസ്ത മാധ്യമ പ്രവർത്തകൻ ശശികുമാർ അഭിപ്രായപ്പെട്ടു. പ്രമുഖ മാധ്യമപ്രവർത്തകനും മാതൃഭൂമി മുൻ എഡിറ്ററും കേരള മീഡിയ അക്കാദമി ചെയർമാനുമായിരുന്ന വി. പി രാമചന്ദ്രന്റെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.കോർപ്പറേറ്റ് താല്പര്യങ്ങൾക്ക് മുൻപിൽ മുട്ടുമടക്കുന്ന മാധ്യമങ്ങളെയാണ് നാം ഇപ്പോൾ കാണുന്നത്. സ്വന്തം അഭിപ്രായങ്ങൾ അടിച്ചേൽപ്പിക്കാനും സ്ഥാപിക്കാനും ചില മാധ്യമപ്രവർത്തകർ ശ്രമിക്കുന്നു. ഇന്ന് പത്രപ്രവർത്തനം തെറ്റായ കാരണങ്ങൾ കൊണ്ട് ശ്രദ്ധ പിടിച്ചുപറ്റുന്ന ഒന്നായി മാറി. കോർപ്പറേറ്റ് താല്പര്യങ്ങൾക്ക് മുൻപിൽ മുട്ടുമടക്കുന്ന മാധ്യമങ്ങളെയാണ് നാം ഇപ്പോൾ കാണുന്നത്. സ്വന്തം അഭിപ്രായങ്ങൾ അടിച്ചേൽപ്പിക്കാനും സ്ഥാപിക്കാനും ചില മാധ്യമപ്രവർത്തകർ ശ്രമിക്കുന്നുവെന്നും ശശികുമാർ പറഞ്ഞു. മാധ്യമ സമൂഹത്തിന്റെ അന്തസുയർത്തുന്നതിനുള്ള അവസരമായി വി പി ആർ ജന്മശതാബ്ദി ഉപയോഗിക്കണമെന്ന് കേരള മീഡിയ അക്കാദമി ചെയർമാനും ചടങ്ങിന്റെ അധ്യക്ഷനുമായ ആർ എസ് ബാബു പറഞ്ഞു.

### കെ.ജി.എം.ഒ.എ നിസ്സഹരണ സമരം രണ്ടാഴ്ച പിന്നിട്ടു

# പരാതിയിൽ നടപടിയില്ലെങ്കിൽ പ്രത്യക്ഷ സമരമെന്ന് കെ.ജി.എ.ഒ.എ

**കൊച്ചി:** എറണാകുളം ജില്ലാ നാഷണൽ ഹെൽത്ത് മിഷൻ പ്രോഗ്രാം മാനേജർ ഡോ.ശിവപ്രസാദിന്റെ ധിക്കാരപരമായ നടപടിയിലും സംഘടനാ വിരുദ്ധ നിലപാടിലും പ്രതിഷേധിച്ച് കെ.ജി.എം.ഒ.എ എറണാകുളം ഘടകം നടത്തുന്ന നിസ്സഹകരണ സമരം രണ്ടാഴ്ച പിന്നിടുന്നു.

ഡോ. ശിവപ്രസാദിനെതിരെ വനിതാ ഡോക്ടർമാർ നൽകിയ പരാതിയിൽ നടപടിയുണ്ടായില്ലെങ്കിൽ ശക്തമായ പ്രക്ഷോഭവുമായി രംഗത്തുവരുമെന്ന് കെ.ജി.എം.ഒ.എ ജില്ലാ കമ്മിറ്റി മുന്നറിയിപ്പു നൽകി. മാനദണ്ഡങ്ങൾക്കനുസരിച്ചല്ലാതെയുള്ള വിഐപി ഡ്യൂട്ടികൾ ബഹിഷ്കരിക്കുന്നത് കെ.ജി.എം.ഒ.എ സംസ്ഥാന കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ്. ഇത് സർക്കാരിനെ മുൻകൂട്ടി അറിയിച്ചിട്ടുള്ളതാണ് .കഴിഞ്ഞ ദിവസം നടന്ന ജില്ലാതല മെഡിക്കൽ ഓഫീസർമാരുടെ അവലോകനയോഗത്തിൽ ഇതിനെതിരെ തെറ്റിദ്ധാരണ പരത്തുന്ന പ്രസ്താവനയാണ് ഡോ.ശിവപ്രസാദ് നടത്തിയത്. കെ.ജി.എം.ഒ.എ അംഗങ്ങൾക്കെതിരെ നടപടി ആവശ്യപ്പെട്ട് ഡോ. ശിവപ്രസാദ് നേരിട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയത് അധികാര ദുർവിനിയോഗമാണെന്നു മാത്രമല്ല ചട്ട വിരുദ്ധവും നിലവിലെ നിയമങ്ങൾ ലംഘിക്കുന്നതുമാണ്. വനിതകൾ ഉൾപ്പെടെയുള്ള മെഡിക്കൽ ഓഫിസർമാരോട് അപമര്യാദയായി പെരുമാറുന്ന ഡോ. ശിവപ്രസാദുമായി സഹകരിച്ച് പ്രവർത്തിക്കാൻ കഴിയില്ലെന്നു വ്യക്തമാക്കി വനിതാ ഡോക്ടർമാർ മേലധികാരികൾക്ക് പരാതി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടിയുണ്ടായിട്ടില്ല. ഇനിയും തീരുമാനമുണ്ടായില്ലെങ്കിൽ പ്രത്യക്ഷ സമരത്തിലേക്ക് നീങ്ങാൻ ജില്ലാ കമ്മിറ്റിയുടെ അടിയന്തര യോഗം തീരുമാനിച്ചതായി കെ.ജി.എം.ഒ.എ ജില്ലാ പ്രസിഡന്റ്, ജില്ലാ സെക്രട്ടറി , ട്രഷറർ എന്നിവർ വാർത്താ കുറിപ്പിൽ വ്യക്തമാക്കി.

# മനുഷ്യവന്യജീവി സംഘർഷം: പരിഹാരത്തിനായി സമഗ്ര കർമ്മ പദ്ധതി

### ഹാക്കത്തോൺ പോർട്ടൽ പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** മനുഷ്യവന്യജീവി സംഘർഷത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി വനം വകുപ്പ് പ്രതിരോധ ലഘൂകരണ പ്രവർത്തനങ്ങളടങ്ങിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതായി വനം, വന്യജീവി സംരക്ഷണ വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ. കഴിഞ്ഞ 10 വർഷത്തിനിടയിൽ സംസ്ഥാനത്ത് നടന്ന മനുഷ്യവന്യജീവി സംഘർഷങ്ങളെ സംബന്ധിച്ച സമഗ്ര പഠനം നടത്തിയതിൽ 273 പഞ്ചായത്തുകൾ സംഘർഷ മേഖലകളായും ഇതിൽ 30 പഞ്ചായത്തുകൾ അതിതീവ്ര സംഘർഷ മേഖലകളായും കണ്ടെത്തി. 273 ഹോട്ട്സ്പോട്ടുകൾ തിരിച്ചറിഞ്ഞ് പ്രതിരോധ ലഘൂകരണ പ്രവർത്തനങ്ങൾ അടങ്ങിയ മാസ്റ്റർ പ്ലാനുകളാകും തയ്യാറാക്കുകയെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു.സംസ്ഥാനത്ത് മനുഷ്യവന്യജീവി സംഘർഷം കൂടുതലായിട്ടുള്ള പ്രദേശങ്ങളെ 12 ലാൻഡ്സ്കേപ്പുകളായി തിരിച്ചിട്ടുണ്ട്. ലാൻഡ്സ്കേപ്പ്തല മാസ്റ്റർ പ്ലാനുകൾ ക്രോഡീകരിച്ച് സംസ്ഥാനതല കർമപദ്ധതിയും തയ്യാറാക്കും. കർമ്മപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഹാക്കത്തോണായ സേഫ് ഹാബിറ്റാറ്റ് ഹാക്ക് പോർട്ടലും ബുക്ക്ലെറ്റും മന്ത്രി പ്രകാശനം ചെയ്തു.മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കാനും ആവാസവ്യവസ്ഥകളുടെ സുസ്ഥിര പരിപാലനത്തിനും നൂതനസാങ്കേതിക പരിഹാരങ്ങൾ കണ്ടെത്തനാണ് കെഡിസ്കുമായി സഹകരിച്ച് ഹാക്കത്തോൺ സംഘടിപ്പിക്കുന്നത്. വിവിധ സ്റ്റാർട്ടപ്പുകൾക്കും മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികൾ, ഇന്നൊവേറ്റർമാർ, സാങ്കേതിക വിദഗ്ധർ, ഗവേഷകർ, ഹാബിറ്റാറ്റ് പരിപാലന മേഖലയിലെ വിദഗ്ധർ തുടങ്ങിയവർക്കും പങ്കാളികളാകാം. സൗരോർജ വേലികൾ, മതിലുകൾ തുടങ്ങിയവയുടെ കാര്യക്ഷമതയിലെ അപര്യാപ്തത, തത്സമയ നിരീക്ഷണത്തിനുള്ള നൂതന ഉപകരണങ്ങളുടെ കുറവും അവ വനമേഖലയിൽ സ്ഥിരമായി ഉപയോഗിക്കുവാനുള്ള പ്രായോഗിക ബുദ്ധിമുട്ട് തുടങ്ങിയവ സംബന്ധിച്ച പ്രായോഗിക പരിഹാര മാർഗങ്ങളാണ് ഹാക്കത്തോണിലൂടെ ലക്ഷ്യമിടുന്നത്.

കൂടാതെ വനമേഖല തുരുത്തുവത്കരിക്കപ്പെടുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, മനുഷ്യവന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിൽ പൊതുജനങ്ങളുടെയും മാധ്യമങ്ങളുടെയും പൂർണമായ സഹകരണം ഉറപ്പുവരുത്തൽ, പ്രദേശങ്ങൾക്ക് അനുയോജ്യമായ പ്രതിവിധികൾ കണ്ടെത്തുന്നതിലെ പോരായ്മകൾ എന്നിവ സംബന്ധിച്ച പരിഹാര മാർഗങ്ങൾക്കും ഹാക്കത്തോൺ ഊന്നൽ നൽകുന്നുണ്ട്.

പ്രൊട്ടോടൈപ്പുകൾ, പ്രൊഡക്ട് ഡെവലപ്മെന്റ്, നൂതന സ്റ്റാർട്ടപ്പ് ആശയങ്ങൾ തുടങ്ങിയവ ഹാക്കത്തോണിലൂടെ കണ്ടെത്താനാകും. മനുഷ്യവന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ജി ഐ എസ് അടിസ്ഥാനമാക്കിയുള്ള സംവിധാനങ്ങൾ, നൂതന സാങ്കേതിക വിദ്യകൾ, പൊതുജനപങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനുള്ള ആശയങ്ങൾ എന്നിവ ഹാക്കത്തോണിന്റെ ഭാഗമാകും. ഡിസംബർ 20 വരെ ഹാക്കത്തോണിലേക്ക് ആശയങ്ങൾ സമർപ്പിക്കാം. വിദഗ്ദ്ധ സമിതി തിരഞ്ഞെടുക്കുന്ന മികച്ച ആശയങ്ങൾ 2025 ഫെബ്രുവരി 15 നു ശേഷം തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ അവതരിപ്പിക്കും. കൂടുതൽ വിവരങ്ങൾ വനം വകുപ്പിന്റെയും കെ ഡിസ്കിന്റെയും വെബ്സൈറ്റുകളിൽ ലഭ്യമാണ്. സംസ്ഥാനത്ത് മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കാൻ വനം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന തീവ്രയജ്ഞ പരിപാടിയാണ് 'മിഷൻ ഫെൻസിങ് 2024'. സംസ്ഥാനത്തെ 1400 കി.മീകളിലായി സ്ഥാപിച്ചിട്ടുള്ള സൗരോർജ വേലികളിൽ തകരാറുള്ള ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പൊതുജന പങ്കാളിത്തത്തോടുകൂടി സമയബന്ധിതമായി പദ്ധതിരേഖ തയ്യാറാക്കും. നവംബർ 25 മുതൽ ഒരു മാസം നീണ്ടുനിൽക്കുന്ന ക്യാംപയിനാണിത്. നവംബർ 25 മുതൽ നവംബർ 30 വരെയുള്ള ആദ്യ ഘട്ടത്തിൽ സൗരോർജ വേലികളുടെ തത്സ്ഥിതി പരിശോധിച്ചു തരംതിരിക്കുകയും തകരാറിലായവയെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള കണക്കെടുപ്പു നടത്തി ഫണ്ട് സമാഹരണം നടത്തുകയും ചെയ്യും. ഡിസംബർ ഒന്നു മുതൽ 15 വരെയുള്ള രണ്ടാം ഘട്ടത്തിൽ തകരാറിലായതായി കണ്ടെത്തിയ സൗരോർജ വേലികളുടെ അറ്റകുറ്റപ്പണികൾ പൊതുജനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും പങ്കാളിത്തത്തോടെ നിറവേറ്റും. അവസാന ഘട്ടമായ ഡിസംബർ 16 മുതൽ 24 വരെ പൊതുജന പങ്കാളിത്തത്തോടുകൂടി പ്രവർത്തനക്ഷമമാക്കിയ സൗരോർജവേലികൾ നാടിനു സമർപ്പിക്കും.

പാമ്പുവിഷബാധ ജീവഹാനി രഹിത കേരളം' പദ്ധതി വനം വകുപ്പ് നടപ്പാക്കും. പാമ്പുവിഷബാധയേറ്റുള്ള അപകട സാധ്യതാനിരക്ക് ആദ്യ രണ്ടു വർഷത്തിൽ 50 ശതമാനം കുറവ് വരുത്തുകയാണ് ഒന്നാം ഘട്ടത്തിലെ ലക്ഷ്യം. ആദ്യഘട്ടമായി പരിശീലനങ്ങൾ ജനുവരി മുതൽ ആരംഭിക്കും. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വനം, ആരോഗ്യം, തദ്ദേശ സ്വയംഭരണം, റവന്യൂ, വെറ്ററിനറി മൃഗസംരക്ഷണം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുക. ആന്റിവെനം ലഭ്യമല്ലാത്തതാണ് പാമ്പുകടിയേറ്റുള്ള മരണനിരക്ക് ഉയരുന്നതിന് പ്രധാന കാരണമെന്നും ഇത് ഒഴിവാക്കാൻ ആരോഗ്യവകുപ്പുമായി സഹകരിച്ച് എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഒരു വർഷത്തിനുള്ളിൽ ആന്റിവെനം ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു.

# ലോക പൈതൃകവാരത്തിൽ ആകർഷകമായ പരിപാടികളുമായി മുസിരിസ് പൈതൃക പദ്ധതി

**തൃശൂർ:** ആഗോള പൈതൃകവും വിവിധ സംസ്കാരങ്ങളും തനതു രൂപത്തിൽ സംരക്ഷിക്കുന്നതിനും അത് പുതു തലമുറയിലേക്കു മൂല്യം ചോരാതെ കൈമാറുന്നതിനും മുഴുവൻ ജനസമൂഹങ്ങൾക്കും ബോധവത്ക്കരണം നൽകുന്നതിനുമായി എല്ലാ വർഷവും നവംബർ 19 മുതൽ 25 വരെ യുനെസ്കോയുടെ നേതൃത്വത്തിൽ ലോക പൈതൃക വാരം ആഘോഷിക്കുന്നു. ഇതിന്റെ ഭാഗമായി കേരള ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മുസിരിസ് പൈതൃക പദ്ധതിയും ലോക പൈതൃകവാരം ആഘോഷിക്കുന്നു.

സമ്പന്നമായതും, വൈവിധ്യമാർന്നതുമായ നമ്മുടെ തനതു പൈതൃകം അതേ രൂപത്തിൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് എല്ലാ തലത്തിലുമുള്ള വിദ്യാർത്ഥികളിലും, യുവതീ യുവാക്കളിലും, മറ്റു ജനവിഭാഗങ്ങൾക്കിടയിലും അവബോധം സൃഷ്ടിക്കുന്നതിന് പ്രാധാന്യം നൽകിക്കൊണ്ട് ഈ വാരം മുസിരിസ് പദ്ധതിക്കു കീഴിലെ മ്യൂസിയങ്ങളിൽ വിപുലമായ രീതിയിൽ കൊണ്ടാടുന്നതായി മുസിരിസ് പൈതൃക പദ്ധതി മാനേജിങ് ഡയറക്ടർ ഡോ. കെ. മനോജ് കുമാർ അറിയിച്ചു.

പരിപാടിയുടെ ഭാഗമായി നവംബർ 19 മുതൽ 25 വരെ 'സഞ്ചാരം പൈതൃകത്തിലൂടെ' വിദ്യാർത്ഥികൾക്കുള്ള സൗജന്യ മ്യൂസിയം സന്ദർശനങ്ങൾ, നവംബർ 23 ന് വൈകീട്ട് 5 ന് പാലിയം മ്യൂസിയത്തിൽ 'നാലുകെട്ട്' വനിതകളുടെ കൂട്ടായ്മയും, രാത്രി പൈതൃക നടത്തവും, പരമ്പരാഗത കലാ രൂപത്തിന്റെയും കരവിരുതുകളുടെയും പ്രദർശനം, നവംബർ 24 ന് രാവിലെ കോട്ടയിൽ കോവിലകം, ചേന്ദമംഗലം മേഖലയിൽ 'സിറ്റാഡൽ ഓഫ് ഫെയ്ത്' സ്കെച്ച് ആൻഡ് വാക്ക്, നവംബർ 29 ന് കൊടുങ്ങല്ലൂരിൽ 'മെമ്മറി ലൈൻ' ത്രിദിന ആർട്ട് വർക്ക് ഷോപ്പും ഉണ്ടാകും.

ലോക പൈതൃകവാരത്തോടനുബന്ധിച്ച് പ്രധാന മ്യൂസിയങ്ങളിൽ കുടുംബശ്രീയുടെ ലഘു ഭക്ഷണ വിൽപ്പന കേന്ദ്രങ്ങൾ, മുസിരിസ് പ്രസിദ്ധീകരണങ്ങളുടെ പ്രദർശനവും വിൽപ്പനയും ഒരുക്കും. നവംബർ 23 ന് രാത്രി 8 മണിവരെ ചേന്ദമംഗലം പാലിയം മ്യൂസിയങ്ങളിൽ എല്ലാവർക്കും പകുതി നിരക്കിൽ സന്ദർശനം നൽകും.

കൂടുതൽ വിവരങ്ങൾക്ക് മാർക്കറ്റിംഗ് ആൻഡ് സ്പോൺസർഷിപ്പ് 9037252480, വനിത കളുടെ പൈതൃക നടത്തം രെജിസ്ട്രേഷൻ 9746760810, വിദ്യാർത്ഥികൾക്കുള്ള സൗജന്യ മ്യൂസിയം സന്ദർശന റെജിസ്ട്രേഷൻ 0480 2807717, 9745398487 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# ആദിവാസി ഊരിലുള്ളവരുടെ ഭൂപ്രശ്നത്തിന് പരിഹാരം കാണും മന്ത്രി കെ. രാജൻ

**തൃശൂർ:** ഒളകര ആദിവാസി ഊരിൽ താമസിക്കുന്നവരുടെ ഭൂപ്രശ്നത്തിന് പരിഹാരം കാണാൻ നിയമപരമായ എല്ലാ ഇടപെടലുകളും സർക്കാർ നടത്തുമെന്ന് റവന്യൂ മന്ത്രി കെ. രാജൻ. വനഭൂമിയിൽ ആദിവാസികൾക്ക് പട്ടയം അനുവദിക്കുന്നതിനെ തടഞ്ഞുകൊണ്ടുള്ള കോടതി ഉത്തരവ് ഒഴിവാക്കുന്നതിന് ആവശ്യമെങ്കിൽ സ്പെഷൽ പ്രോസിക്യൂട്ടറെ നിയമിക്കുമെന്നും മന്ത്രി പറഞ്ഞു.

ഒളകര നിവാസികളുടെ കാലങ്ങളായുള്ള ആവശ്യമാണ് തങ്ങൾ ജീവിക്കുന്ന ഭൂമിയുടെ അവകാശം ലഭിക്കുക എന്നത്. വനം വകുപ്പിന്റെ ചട്ടങ്ങളും നിലപാടുകളുമാണ് പതിറ്റാണ്ടുകളായുള്ള ആദിവാസി ജനവിഭാഗങ്ങളുടെ ആവശ്യത്തിന് തടസം. 2016 മുതൽ ഇതിൽ നിരന്തര ഇടപെടൽ നടത്തുകയും ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്ന ഉടനെ നടപടിക്രമങ്ങൾ വേഗത്തിലാക്കുകയും ചെയ്തു. നിവാസികളുടെയും ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടെയും നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് ഭൂമി അളന്ന് തിരിച്ചു. ഒന്നര ഏക്കർ വിസ്തൃതിയുള്ള സ്ഥലം തിട്ടപ്പെടുത്തി ജില്ലാ ഭരണകൂടത്തിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി സംസ്ഥാനതല സമിതിക്ക് കൈമാറുകയും ചെയ്തിരുന്നു. അവിടെ വനം വകുപ്പ് എതിർപ്പ് അറിയിച്ചു. ഇതിനിടയിൽ വൺ എർത്ത് വൺ ലൈൻ എന്ന സംഘടന ഭൂമി വിതരണത്തിനെതിരെ ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ നേടുകയും ചെയ്തു. സ്റ്റേ വെക്കേറ്റ് ചെയ്യിപ്പിക്കാനുള്ള ഇടപെടലാണ് ഇപ്പോൾ സർക്കാരും റവന്യൂ വകുപ്പും നടത്തുന്നത്. സ്റ്റേ ഒഴിവാക്കി കിട്ടിയാൽ ഒട്ടും വൈകാതെ പട്ടയ വിതരണത്തിനുള്ള നടപടിയും വേഗത്തിലാക്കുമെന്നും മന്ത്രി പറഞ്ഞു.

ഫോറസ്റ്റ് സ്റ്റേഷൻ മുതൽ ഒളകര ഊരിലേക്കുള്ള റോഡ് പുനർനിർമിക്കുന്ന കാര്യം പരിഗണിക്കുമെന്ന് മന്ത്രി ഉറപ്പു നൽകി. ഇതു സംബന്ധിച്ച് പാണഞ്ചേരി ഗ്രാമ പഞ്ചായത്ത് വഴി സർക്കാരിന് അപേക്ഷ സമർപ്പിക്കാൻ ഒപ്പം ഉണ്ടായിരുന്ന വാർഡ് മെമ്പർ സുബൈദ അബൂബക്കറിനോട് മന്ത്രി നിർദ്ദേശിച്ചു. പ്രദേശത്തെ ജനങ്ങളുടെ വിവിധ വിഷയങ്ങൾ ഊരുമൂപ്പത്തി മാധവി മന്ത്രിയെ ധരിപ്പിച്ചു. മുൻ പഞ്ചായത്ത് അംഗം അബൂബക്കർ, ട്രൈബൽ പ്രമോട്ടർ രതീഷ് എന്നിവരും മന്ത്രിക്കൊപ്പമുണ്ടായി.

# വനഭൂമി പട്ടയം: കേന്ദ്രാനുമതിക്കുള്ള നടപടി വേഗത്തിലാക്കുമെന്ന് മന്ത്രി

**തൃശൂർ:** ജില്ലയിലെ വനഭൂമി പട്ടയ വിഷയത്തിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമെന്ന് മന്ത്രി കെ. രാജൻ. കളക്ടറേറ്റിൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. വനം, റവന്യൂ സംയുക്ത പരിശോധനാ റിപ്പോർട്ടും സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി പരിവേഷ് പോർട്ടൽ വഴി കേന്ദ്രത്തിന് സമർപ്പിക്കുന്നത് സമയബന്ധിതമാക്കും. ഓരോ ജില്ലകളിലേയും അപേക്ഷകൾ ഒരുമിച്ച് മാത്രമേ പോർട്ടലിൽ അപ്‌ലോഡ് ചെയ്യാവു എന്ന നിബന്ധന പുനപരിശോധിക്കാനുള്ള ഇടപെടൽ നടത്തും.

ഡിസംബറിനു മുൻപേ ശേഷിക്കുന്ന 3542 അപേക്ഷകളും കേന്ദ്രാനുമതിക്ക് അയയ്ക്കാനുള്ള നടപടികൾക്ക് സമയക്രമം തയ്യാറാക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു. 9366 അപേക്ഷകൾ ഇതിനകം റവന്യൂ വകുപ്പ് കേന്ദ്ര സർക്കാരിന് പോർട്ടലിലൂടെ സമർപ്പിച്ചിരുന്നു.

കേന്ദ്ര അനുമതി വേഗത്തിൽ ലഭ്യമാക്കാൻ ആവശ്യമെങ്കിൽ കേന്ദ്ര മന്ത്രിയെ ഒരിക്കൽക്കൂടി കാണുമെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര അനുമതി ഉറപ്പാക്കിയ 261 അപേക്ഷകളിൽ പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കാൻ മന്ത്രി നിർദ്ദേശിച്ചു.

ജില്ലയിലെ വനഭൂമിയിൽ താമസിക്കുന്നവരുടെ പട്ടയ വിഷയം പതിറ്റാണ്ടുകളായി നിലനിൽക്കുന്നതാണ്. കഴിഞ്ഞ വർഷം ഡിസംബർ ഏഴിന് സംസ്ഥാന റവന്യൂ, വനം വകുപ്പ് മന്ത്രിമാർ കേന്ദ്ര വനം മന്ത്രിയുമായി നടത്തിയ ചർച്ചകൾക്ക് ശേഷമാണ് പുതിയ സംയുക്ത പരിശോധനയ്ക്കും പുതിയ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും തീരുമാനമായത്.

ഈ നടപടികൾക്ക് ശേഷം കേന്ദ്രാനുമതി ലഭിച്ച അപേക്ഷകളിൽ ഇനിയും രേഖകൾ സമർപ്പിച്ച് പട്ടയം സ്വീകരിക്കാത്തവർ ഉണ്ട്. ഇവരെ കണ്ടെത്തുന്നതിന് നാല് അദാലത്തുകൾ നടത്തുകയും തിരച്ചിൽ തുടരുകയുമാണ്. ഇക്കാര്യത്തിൽ വിപുലമായ ഒരു അദാലത്ത് കൂടി ഡിസംബറിൽ നടത്താനും യോഗത്തിൽ റവന്യൂ മന്ത്രി നിർദ്ദേശിച്ചു. എംഎൽഎമാരുടെ പട്ടയ ഡാഷ് ബോർഡ് വിഷയങ്ങളും വിവിധ സ്ഥാപനങ്ങളുടെ ഭൂമി സംബന്ധമായ അപേക്ഷളുടെ പുരോഗതിയും യോഗത്തിൽ പരിശോധിച്ചു.

# ഗവ മെഡിക്കൽ കോളേജ് കൊച്ചി കപ്പൽശാല ധാരണാപത്രം ഒപ്പിട്ടു

**കൊച്ചി:** എറണാകുളം ഗവ. മെഡിക്കൽ കോളേജിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി പൊതുമേഖലാ സ്ഥാപനമായ കൊച്ചി കപ്പൽശാല. സാമൂഹിക ഉത്തരവാദിത്ത പദ്ധതിയുടെ ഭാഗമായി എറണാകുളം ഗവ. മെഡിക്കൽ കോളേജിന് പ്രധാന മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് ധാരണയിലെത്തിയത്.

സൂപ്രണ്ട് ഡോ. ഗണേഷ് മോഹന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ കോളേജ് പ്രതിനിധികളും ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ് നായരുടെ നേതൃത്വത്തിൽ കൊച്ചി കപ്പൽശാല പ്രതിനിധികളും പങ്കെടുത്ത യോഗത്തിൽ ധാരണാപത്രം കൈമാറി.

മെഡിക്കൽ കോളേജിന്റെ ഭാവി പദ്ധതികളിലും കപ്പൽശാല സഹകരിക്കുമെന്ന് മധു എസ്. നായർ പറഞ്ഞു. കപ്പൽശാല സി.എസ്. ആർ വിഭാഗം മേധാവി പി.എൻ സമ്പത്ത്കുമാർ, ഡോ. പാർവ്വതി രാജേന്ദ്രൻ ഡോ. നിത്യ മോഹനൻ തുടങ്ങിയവർ പങ്കെടുത്തു.

ബ്ലഡ് ബാങ്കിലേക്കാവശ്യമായ സ്റ്ററൈൽ കണക്ടിംഗ് ഡിവൈസ്, വേഫറുകൾ പൾമനോളജി വകുപ്പിലേക്ക് പോളിസോമോനോഗ്രഫി യന്ത്രം എന്നിവയാണ് കൊച്ചി കപ്പൽശാല ലഭ്യമാക്കുന്നത്. 50 ലക്ഷം രൂപയാണ് ഇതിനായി അനുവദിച്ചത്.

# ഫാഷൻ രംഗത്ത് സ്വന്തം നേട്ടവുമായി എറണാകുളം ജില്ലാപഞ്ചായത്ത്

**കൊച്ചി:** എറണാകുളം ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങളിലെ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ഫാഷൻ ഷോയും പുതിയ ബാച്ചിന്റെ പ്രവേശനോത്സവവും ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു.പരിമിത സാഹചര്യങ്ങൾ ഉൾക്കൊണ്ടു വിദ്യാർത്ഥികൾ മാറുന്ന ലോക ക്രമത്തിന്റെ ഭാഗമാവുകയും ഫാഷൻ രംഗത്തു ശ്രദ്ധേയമായ നേട്ടം കൈവരിക്കുന്നതും അത്യധികം അഭിമാനത്തോടെയാണു കാണുന്നതെന്ന് പ്രസിഡന്റ് പറഞ്ഞു.

തമ്മനത്തും ഞാറക്കലും കളമശ്ശേരിയിലുമായി ജില്ലാ പഞ്ചായത്തിന്റെ കീഴിൽ മൂന്ന് ഫാഷൻ ഇൻസ്റ്റിറ്റ്യൂട്ടുകൾ നിലവിലുണ്ട്. ഈ സ്ഥാപനങ്ങളിലെ കുട്ടികൾ തമ്മിൽ പരിചയപ്പെടാനും ആശയങ്ങൾ പങ്കുവെക്കാനും ആത്മവിശ്വാസം കൂടാനും ഇങ്ങനെയൊരു വേദിയിലൂടെ സാധിച്ചു.

വിദ്യാർത്ഥികൾക്ക് അവസരത്തിന്റെ പുതിയ വാതായനങ്ങൾ തുറന്നു കൊടുക്കേണ്ടതുണ്ട്. ബ്രാൻഡഡ് ആയിട്ടുള്ള വ്യാപാര രംഗത്തെ ഉടമകളെയും ഫാഷൻ രംഗത്തെ പ്രമുഖരെയും പങ്കെടുപ്പിച്ച് ജനുവരിയിൽ വിപുലമായ ഫാഷൻ ഷോ സംഘടിപ്പിക്കാനുള്ള ശ്രമത്തിലാണ് ജില്ലാ പഞ്ചായത്തെന്നും അതിന് മുന്നോടിയായാണ് ഇത്തരത്തിലൊരു പരിപാടി സംഘടിപ്പിച്ചതെന്നും പ്രസിഡന്റ് പറഞ്ഞു.

പരിപാടിയിൽ വൈസ് പ്രസിഡന്റ് എൽസി ജോർജ് അദ്ധ്യക്ഷയായി. പ്രശസ്ത മോഡൽ ഷിയാസ് കരീം മുഖ്യാതിഥി ആയിരുന്നു. മെമ്പർമാർമാരായ ഷാരോൺ പനക്കൽ, ലിസി അലക്സ്, കെ വി അനിത, ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി എം ഷഫീക്ക്, പഞ്ചായത്ത് വകുപ്പ് ജോയിന്റ് ഡയറക്ടർ കെ ജെ ജോയി, യുവജന ക്ഷേമ കോർഡിനേറ്റർ എസ് രഞ്ജിത്, ബിന്ദു വേലായുധൻ, വിവിധ ഫാഷൻ ഇൻസ്റ്റിറ്റ്യൂട്ടിലെ മേലധികാരികൾ എന്നിവർ പങ്കെടുത്തു.

# തിരുവനന്തപുരം അന്താരാഷ്ട്ര നിലവാരത്തിലുള്ള നഗരം: മന്ത്രി എം ബി രാജേഷ്

**തിരുവനന്തപുരം:** യു എൻ ഷാങ്ഹായ് അടക്കം ഒരു ഡസനോളം പുരസ്കാരങ്ങൾ നേടിയ തിരുവനന്തപുരം അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയമായ നഗരമായി മാറിയതായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് പറഞ്ഞു.

തിരുവനന്തപുരം മാനവീയം വീഥിയിൽ നടന്ന ചടങ്ങിൽ നഗരസഭ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്ന വൈദ്യുതി ഹോവർഇലക്ട്രിക് സെൽഫ് ബാലൻസിംഗ് സ്കൂട്ടറുകളുട കൈമാറ്റവും ഡ്രഗ്സ് കൺട്രോൾ കിറ്റുകളുടെ വിതരണവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.യു എൻ ഷാങ്ഹായ് എന്ന അഭിമാനകരമായ പുരസ്കാരം ഇന്ത്യയിൽ ആദ്യമായി നേടിയ നഗരമാണ് തിരുവനന്തപുരം. ഈ പുരസ്കാരം നേടിയ മറ്റ് നഗരങ്ങൾ മെൽബൺ, ദോഹ എന്നിവയാണ് എന്നത് നേട്ടത്തിന്റെ വ്യാപ്തി ബോധ്യപ്പെടുത്തുന്നു.

ഈജിപ്റ്റിൽ നടന്ന ചടങ്ങിൽ യു എൻ സെക്രട്ടറി ജനറൽ, ഈജിപ്ഷ്യൻ പ്രധാനമന്ത്രി എന്നിവരുടെ സാന്നിധ്യത്തിലാണ് പുരസ്കാര ദാന ചടങ്ങ് നടന്നത് എന്നതും ശ്രദ്ധേയമാണ്. വിവിധ വെല്ലുവിളികളെ അതിജീവിച്ച് സ്മാർട്ട് സിറ്റി ഉൾപ്പെടെയുള്ള പദ്ധതികൾ കോർപ്പറേഷൻ പൂർത്തീകരിച്ച് വരികയാണ്. സുരക്ഷാപരിശോധനയിൽ ആധുനികവും മികച്ച സൗകര്യവുമുളള നഗരമായി മാറുന്നതിന്റെ ഭാഗമായാണ് വൈദ്യുതി ഹോവർ പോലീസ് സേനക്ക് കൈമാറുന്നത്.ഇവ ശരിയായി വിനിയോഗിക്കാനും പരിപാലിക്കാനും സേനക്ക് കഴിയണം. ചടങ്ങിൽ മേയർ ആര്യ രാജേന്ദ്രൻ, ഡപ്യൂട്ടി മേയർ പി കെ രാജു , സിറ്റി പോലീസ് കമ്മീഷണർ സ്പർജൻ കുമാർ തുടങ്ങിയവർ സംബന്ധിച്ചു.




# സിഫ്റ്റിൽ ലോകമൽസ്യത്തൊഴിലാളി ദിനം ആഘോഷിച്ചു

**കൊച്ചി :** കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റിൽ ലോകമൽസ്യത്തൊഴിലാളി ദിനം ആഘോഷിച്ചു. അടുത്ത തലമുറയിലെ ഫിഷറീസ് പ്രൊഫഷണലുകളെ പ്രചോദിപ്പിക്കാനും സുസ്ഥിര മത്സ്യബന്ധന രീതികളെക്കുറിച്ചുള്ള ചർച്ചകൾ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് കേരള ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് സർവകലാശാലയിലെ (കുഫോസ്) വിദ്യാർത്ഥികൾക്കായി സിഫ്റ്റ് 'വിദ്യാർത്ഥികളുടെ സമ്പർക്കപരിപാടിയും ബോധവൽക്കരണ പരിപാടിയും' ലോകമൽസ്യത്തൊഴിലാളി ദിനത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ചു. മുഖ്യാതിഥിയായി പങ്കെടുത്ത വൈക്കം ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘം വൈസ് പ്രസിഡന്റും മത്സ്യത്തൊഴിലാളിയുമായ ചിന്നമ്മ ജോസഫിനെ ചടങ്ങിൽ ആദരിച്ചു. പതിമൂന്നാം വയസ്സിൽ ആരംഭിച്ച മീൻപിടുത്ത തൊഴിലിനെ കുറിച്ചും മീൻ പിടിക്കാനായി പോകുമ്പോൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ചിന്നമ്മ ചടങ്ങിൽ സംസാരിച്ചു. ഐസിഎആർ സിഫ്റ്റിലെ ഫിഷിംഗ് ടെക്നോളജി വിഭാഗം മേധാവി ഡോ. എം.പി രമേശൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വിദ്യാർത്ഥികൾക്കായി നൂതന മത്സ്യബന്ധന സാങ്കേതികവിദ്യകളെക്കുറിച്ചും സുസ്ഥിര മത്സ്യബന്ധന രീതികളെക്കുറിച്ചും സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. മുഹമ്മദ് അഷ്റഫ്, ഡോ. മധു വി.ആർ സെഷനുകൾ എടുത്തു. സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. പ്രജിത്ത് കെ.കെ, ഡോ.സന്ധ്യ കെ.എം എന്നിവർ ചടങ്ങിൽ സംസാരിച്ചു. ഐ സി എ ആർ സിഫ്റ്റിന്റെ വിശാഖപട്ടണം, മുംബൈ, വെരാവൽ സെന്ററുകളിലും ലോകമൽസ്യത്തൊഴിലാളി ദിനം ആചരിച്ചു.

# കോളേജ് സ്പോർട്സ് ലീഗുമായി കേരളം

## കോളേജ് സ്പോർട്സ് ലീഗ് ലോഗോ പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** രാജ്യത്തിന് മാതൃകയായി സംസ്ഥാനത്തെ കോളേജ് വിദ്യാർത്ഥികൾക്കായി പ്രത്യേക സ്പോർട്സ് ലീഗ് തുടങ്ങുന്നു. കായിക, ഉന്നത വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, കബഡി ഇനങ്ങളിലാണ് കോളേജ് ലീഗ് സംഘടിപ്പിക്കുന്നത്. കോളേജ് സ്പോർട്സ് ലീഗിന്റെ ലോഗോ പ്രകാശനം സെക്രട്ടറിയേറ്റിലെ പി ആർ ചേംബറിൽ കായിക മന്ത്രി വി. അബ്ദുറഹിമാനും ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദുവും ചേർന്ന് നിർവഹിച്ചു.

സംസ്ഥാനത്തെ കോളേജുകളെ നാല് മേഖലകളായി തിരിച്ച് മൂന്ന് മുതൽ ആറു മാസം വരെ നീളുന്ന ലീഗാണ് നടത്തുക. ഇതിന്റെ ഭാഗമായി എല്ലാ കോളേജുകളിലും സ്പോർട്സ് ക്ലബ് തുടങ്ങും. സ്പോർട്സ് ക്ലബുകളെ ഏകോപിപ്പിക്കാൻ ജില്ലാ തല കമ്മിറ്റികൾ ഉണ്ടാകും. കമ്മിറ്റിയിൽ കായിക, ഉന്നത വിദ്യാഭ്യാസ വകുപ്പുകളുടെ ഉദ്യോഗസ്ഥരും ജില്ലാ സ്പോർട്സ് കൗൺസിൽ ഭാരവാഹികളും കായിക സംഘടനാ പ്രതിനിധികളും മുൻതാരങ്ങളുമുണ്ടാകും. സംസ്ഥാനതല സാങ്കേതിക സമിതിക്കാകും ജില്ലാ സമിതികളുടെ നിയന്ത്രണം. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കായിക മന്ത്രിയും ഉന്നത വിദ്യാഭ്യാസ മന്ത്രിയും വൈസ് ചാൻസലർമാരും ഉദ്യോഗസ്ഥരും അടങ്ങുന്ന സംസ്ഥാനതല സമിതിയാകും ഭരണ നിർവഹണ സമിതി.

പ്രൊഫഷണൽ ലീഗുകളുടെ മാതൃകയിൽ ഹോം ആൻഡ് എവേ മത്സരങ്ങളാണ് നടക്കുക. ജില്ലാതല സമിതികളാണ് കോളേജ് ലീഗിനുള്ള ടീമുകളെ തിരഞ്ഞെടുക്കുക. ഓരോ മേഖലയിൽ നിന്നും മുന്നിലെത്തുന്ന നാല് ടീമുകൾ സംസ്ഥാന ലീഗിൽ മത്സരിക്കും. ഓരോ കായിക ഇനത്തിലും 16 ടീമുകൾ സംസ്ഥാനതല മത്സരത്തിനെത്തും. മത്സരങ്ങൾ നിരീക്ഷിക്കാൻ പ്രൊഫഷണൽ ലീഗിൽ നിന്നുള്ള വിദഗ്ധരും പ്രൊഫഷണൽ കളിക്കാരും എത്തും.മികച്ച കായിക സംസ്കാരം വാർത്തെടുക്കുന്നതിനൊപ്പം കോളേജുകളിലെ അടിസ്ഥാന സൗകര്യവികസനം കൂടി ലക്ഷ്യമിട്ടാണ് കോളേജ് ലീഗിന് തുടക്കമിടുന്നത്. ഭാവിയിൽ കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തും. സ്പോർട്സ് ക്ലബുകൾക്ക് ഭാവിയിൽ സ്വന്തം നിലയിൽ വരുമാനമുണ്ടാക്കാൻ സാധിക്കുന്ന രീതിയിലാണ് ലീഗ് വിഭാവനം ചെയ്തിരിക്കുന്നത്. ഇത് കായികരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ കോളേജുകളെ വഴിയൊരുക്കും. കോളേജ് ലീഗിൽ മികച്ച പ്രകടനം നടത്തുന്നവർക്ക് പൊഫഷണൽ ലീഗിലേക്കും വഴിയൊരുങ്ങും.

സംസ്ഥാന കായിക മേഖലയെ ലോകനിലവാരത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യമെന്ന് മന്ത്രി അബ്ദുറഹിമാൻ പറഞ്ഞു. കായിക മേഖലയിൽ രണ്ടായിരത്തി നാനൂറുകോടി രൂപയുടെ അടിസ്ഥാന സൗകര്യവികസനം നടപ്പിലാക്കിക്കഴിഞ്ഞു. ക്യാംപസുകളിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ വിപുലമാക്കുന്നതിനാണ് ഇനി ഊന്നൽ. കോളേജ് സ്പോർട്സ് ലീഗ് ആരംഭിക്കുന്നതോടെ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കോളേജുകളിലും കായിക അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കാനാകും. കോഴിക്കോട് സർവകലാശാല പുതിയ സ്റ്റേഡിയത്തിന് സ്ഥലം അനുവദിച്ച് സിൻഡിക്കേറ്റിന് കത്ത് നൽകി. 500 കോടി രൂപ ചെലവിൽ രാജ്യത്തെ ഏറ്റവും വലിയ സ്റ്റേഡിയം നിർമിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 150 കോടി രൂപ സർക്കാർ വിഹിതം നൽകും. ബാക്കി സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കും. ഇത്തരത്തിൽ മേഖലയിലെ വളർച്ചയിലൂടെ കായിക സമ്പദ് വ്യവസ്ഥക്ക് രൂപംകൊടുക്കാനാകുമെന്നും മന്ത്രി വ്യക്തമാക്കി.അക്കാദമിക പ്രവർത്തനങ്ങളേയും പരീക്ഷയേയും യാതൊരുവിധത്തിലും ബാധിക്കാത്ത രീതിയിലാണ് കോളേജ് ലീഗ് മത്സരങ്ങൾ സംഘടിപ്പിക്കുകയെന്ന് മന്ത്രി ബിന്ദു പറഞ്ഞു. സർവകലാശാലകളിലേയും കോളേജുകളിലേയും വിദ്യാർത്ഥികൾക്ക് കായിക മേഖലയിൽ സജീവമാകാനാകും. സ്പോർട്സ് മെഡിസിൻ, സ്പോർട്സ് എൻജിനിയറിംഗ്, സ്പോർട്സ് മാനേജിംഗ് രംഗങ്ങളിൽ മികച്ച സാധ്യതകളാണ് മുന്നിലുള്ളതെന്നും മന്ത്രി കൂട്ടിച്ചേർത്തു.



# സൗജന്യ എച്ച്ബിഎ1 സി ടെസ്റ്റ്; ക്യാമ്പയിനുമായി ആസ്റ്റർ മെഡ്സിറ്റിയും ആസ്റ്റർ വോളന്റിയേഴ്സും

**കൊച്ചി:** വയോജനങ്ങളെ സഹായിക്കാൻ ലക്ഷ്യമിട്ട് ആസ്റ്റർ ഡി എം ഹെൽത്ത്കെയറിന്റെ ആഗോള സി.എസ്.ആർ വിഭാഗമായ ആസ്റ്റർ വോളന്റിയേഴ്സുമായി സഹകരിച്ച് സൗജന്യ എച്ച്ബിഎ1സി ടെസ്റ്റ് കാമ്പയിന് തുടക്കമിട്ട് ആസ്റ്റർ മെഡ്സിറ്റി. ലോക പ്രമേഹ ദിനാചരണത്തിന്റെ ഭാഗമായി ആലുവ വെൽഫെയർ അസോസിയേഷൻ ട്രസ്റ്റിൽ സംഘടിപ്പിച്ച ക്യാമ്പയിൻ ആലുവ എം.എൽ.എ അൻവർ സാദത്ത് ഉദ്ഘാടനം ചെയ്തു. എറണാകുളം ജില്ലയിലെ വിവിധ വൃദ്ധസദനങ്ങളിലെ 500 മുതിർന്ന പൗരന്മാർക്ക് സൗജന്യ പ്രമേഹപരിശോധന ചെയ്യാൻ ക്യാമ്പയിൻ ലക്ഷ്യമിടുന്നു.

ആസ്റ്റർ ഡിഎം ഫൗണ്ടേഷൻ അസിസ്റ്റന്റ് ജനറൽ മാനേജർ ലത്തീഫ് കാസിം, വെൽഫെയർ അസോസിയേഷൻ ട്രസ്റ്റ് ചെയർമാൻ ഡോ. മൻസൂർ ഹസ്സൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ഭാവ് 2024 ദേശീയ നൃത്തോത്സവം രജിസ്ട്രേഷൻ 28 ന് അവസാനിക്കും

**കൊച്ചി:** കൊച്ചി നഗരസഭ സംഘടിപ്പിക്കുന്ന ദേശീയ നൃത്തോത്സവം ഭാവ് 2024 ന്റെ രണ്ടാം പതിപ്പിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന നൃത്തശാലകളുടെ രജിസ്ട്രേഷൻ നവംബർ 28 ന് അവസാനിക്കും. സീറ്റുകൾ പരിമിതമായതിനാൽ ശിൽപശാലയിൽ പങ്കെടുക്കുന്നതിനായി സീറ്റുകൾ റിസർവ് ചെയ്യാൻ 8330068829 എന്ന നമ്പറിലേക്ക് വിളിക്കുകയോ വാട്സ്ആപ്പ് മെസ്സേജ് അയക്കുകയോ ചെയ്യേണ്ടതാണ്. പ്രവേശനം സൗജന്യമായിരിക്കും. നവംബർ 29 മുതൽ ഡിസംബർ 03 വരെ എറണാകുളം ടൗൺ ഹാളിലാണ് ദേശീയ നൃത്തോത്സവം നടക്കുക.

ദേശീയ നൃത്തോത്സവത്തിന്റെ രണ്ടാം ദിനം നവംബർ 30 ന് രമാ വൈദ്യനാഥന്‍ നയിക്കുന്ന നൃത്ത ശിൽപശാല ഉച്ചയ്ക്ക് 2:00 മണി മുതൽ വൈകിട്ട് 3:30 വരെ നടക്കും. തുടർന്ന് മൂന്നാം ദിനം ഡിസംബർ ഒന്നിന് രാവിലെ 10:00 മണി മുതൽ ഉച്ചക്ക് 12:30 വരെ നാട്ടുവാണാർ കെ എസ് ബാലകൃഷ്ണൻ നയിക്കുന്ന നൃത്ത ശിൽപശാല, ഡിസംബർ രണ്ട് രാവിലെ 10:00 മണി മുതൽ ഉച്ചക്ക് 12:30 വരെ നർത്തകരായ ഷിജിത്തും പാർവതിയും നയിക്കുന്ന നൃത്ത ശിൽപശാല, ഡിസംബർ മൂന്ന് രാവിലെ 10:00 മണി മുതൽ ഉച്ചക്ക് 12:30 വരെ നർത്തകൻ പ്രവീൺ കുമാർ നയിക്കുന്ന നൃത്ത ശിൽപശാല എന്നിവ ഉണ്ടായിരിക്കും.

# വിദ്യാർഥികളുടെ പുസ്തകോൽസവം സംഘടിപ്പിച്ചു

**കൊച്ചി:** കുട്ടികളിൽ എഴുത്തും വായനയും പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ അന്താരാഷ്ട്ര പുസ്തകോത്സവ സമിതിയുടെ ആഭിമുഖ്യത്തിൽ നൂറിൽപരം വിദ്യാലയങ്ങളിൽ കുട്ടികളുടെ പുസ്തകോത്സവവും വായനാ മധുരവും നടന്നു. വിദ്യാർത്ഥികൾ അവരവരുടെ വീടുകളിൽ നിന്നു കൊണ്ടുവന്ന പുസ്തകങ്ങളാണ് പ്രദർശിപ്പിച്ചത്. ഏറ്റവും കൂടുതൽ പുസ്തകങ്ങൾ കൊണ്ടുവന്ന എൻഎസ്എസ് ഹയർസെക്കൻഡറി സ്കൂൾ തൃപ്പൂണിത്തുറ, ശ്രീനാരായണ വിദ്യാപീഠം പബ്ലിക് സ്കൂൾ, തൃപ്പൂണിത്തുറ വിവേകാനന്ദ വിദ്യാലയം മൂവാറ്റുപുഴ എന്നിവർ യഥാക്രമം ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങൾക്ക് നേടി. മികച്ച വിദ്യാലയങ്ങൾക്ക് യഥാക്രമം 5000, 3000, 2000 രൂപയുടെ പുസ്തകങ്ങളും ട്രോഫിയും സർട്ടിഫിക്കറ്റും അന്താരാഷ്ട്ര പുസ്തകോത്സവ വേദിയിൽ വച്ച് ഡിസംബർ എട്ടിന് ഉച്ചയ്ക്ക് മൂന്ന് മണിക്ക് നൽകും. മത്സരത്തിൽ പങ്കെടുത്ത ഓരോ വിദ്യാലയത്തിലെയും മികച്ച ഒരു വിദ്യാർത്ഥിക്ക് 500 രൂപയുടെ പുസ്തകങ്ങളും മെമന്റോയും സർട്ടിഫിക്കറ്റും തദവസരത്തിൽ തന്നെ നൽകും.വായനാ മധുരത്തിൽ ഓരോ വിദ്യാലയത്തിലെയും തിരഞ്ഞെടുക്കപ്പെട്ട മുപ്പതോളം വിദ്യാർഥികൾക്ക് 300 രൂപ വീതം വില വരുന്ന പുസ്തകങ്ങൾ സമ്മാനമായി നൽകി.നവംബർ 29 മുതൽ ഡിസംബർ 8 വരെ ആണ് അന്താരാഷ്ട്ര പുസ്തകോത്സവം.



# വ്യസനസമ്മേതം ബന്ധുമിത്രാദികൾ

അനശ്വര രാജൻ, അസീസ് നെടുമങ്ങാട്,സിജു സണ്ണി,ജോമോൻ ജ്യോതിർ, ബൈജു സന്തോഷ്,നോബി,മല്ലിക സുകുമാരൻ എന്നീ വരെ പ്രധാന കഥാപാത്രങ്ങളാക്കി എസ് വിപിൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'വ്യസനസമ്മേതം ബന്ധുമിത്രാദികൾ' എന്ന ചിത്രത്തിന്റെ ചിത്രീകരണം തിരുവനന്തപുരത്ത് ആരംഭിച്ചു. വാഴ എന്ന ചിത്രത്തിനു ശേഷം ണആ്ഠട പ്രൊഡക്ഷൻസ്, തെലുങ്കിലെ പ്രശസ്ത നിർമ്മാണ കമ്പനിയായ ഷൈൻ സ്ക്രീൻസ് സിനിമയുമായി സഹകരിച്ച് രണ്ടാമത്തെ ചിത്രത്തിന് തുടക്കം കുറിച്ചു. വിപിൻ ദാസ്,സാഹു ഗാരപാട്ടി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം റഹീം അബൂബക്കർ നിർവ്വഹിക്കുന്നു.എഡിറ്റർജോൺകുട്ടി,സംഗീതംഅങ്കിത് മേനോൻ, എക്സിക്യൂട്ടിവ് പ്രൊഡ്യൂസർഹാരിസ് ദേശം, പ്രൊഡക്ഷൻ കൺട്രോളർ റിന്നി ദിവാകർ,പ്രൊഡക്ഷൻ, ഡിസൈനർബാബു പിള്ള,കോസ്റ്റ്യൂംസ്അശ്വതി ജയകുമാർ, സൗണ്ട് ഡിസൈൻഅരുൺ മണി, പ്രമോഷൻ കൺസൽട്ടന്റ് വിപിൻ വി,മാർക്കറ്റിംഗ്ടെൻ ജി മീഡിയ,പി ആർ ഒ എ എസ് ദിനേശ്.

# രുധിരം




ശ്രദ്ധേയ വേഷങ്ങളിലൂടെ ചുരുങ്ങിയ കാലം കൊണ്ട് ആരാധകരെ നേടിയെടുത്ത നടനും സംവിധായകനുമായ രാജ്. ബി. ഷെട്ടി ആദ്യമായി നായകനായെത്തുന്ന മലയാള ചിത്രം 'രുധിരം' റിലീസിനൊരുങ്ങുന്നു. നവാഗതനായ ജിഷോ ലോൺ ആന്റണി കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രത്തിൽ നായികയായെത്തുന്നത് അപർണ ബാലമുരളിയാണ്. മലയാളത്തിന് പുറമെ കന്നഡയിലും തെലുങ്കിലും തമിഴിലും ചിത്രം പുറത്തിറങ്ങുന്നുണ്ട്. റൈസിങ് സൺ സ്റ്റുഡിയോസിൻറെ ബാനറിൽ വി.എസ്. ലാലനാണ് രുധിരം നിർമ്മിക്കുന്നത്. ഗോകുലം ഗോപാലൻ അവതരിപ്പിക്കുന്ന ചിത്രം ശ്രീ ഗോകുലം മൂവിസിനു വേണ്ടി ഡ്രീം ബിഗ് ഫിലിംസ് തീയേറ്ററുകളിൽ പ്രദർശനത്തിനെത്തിക്കുന്നു. ജോസഫ് കിരൺ ജോർജാണ് ചിത്രത്തിന്റെ സഹരചയിതാവ്. രുധിരത്തിൻറെ ഛായാഗ്രഹണം: സജാദ് കാക്കു, എഡിറ്റിംഗ്: ഭവൻ ശ്രീകുമാർ, സംഗീതം: 4 മ്യൂസിക്സ്, ഓഡിയോഗ്രഫി: ഗണേഷ് മാരാർ, ആർട്ട്: ശ്യാം കാർത്തികേയൻ, മേക്കപ്പ്: സുധി സുരേന്ദ്രൻ, കോസ്റ്റ്യൂം: ധന്യ ബാലകൃഷ്ണൻ, വി.എഫ്.എക്സ് സൂപ്പർവൈസർ: എഎസ് ആർ, ആക്ഷൻ: റോബിൻ ടോം, ചേതൻ ഡിസൂസ, റൺ രവി, ചീഫ് അസോ.ഡയറക്ടർ: ക്രിസ് തോമസ് മാവേലി, അസോ. ഡയറക്ടർ: ജോമോൻ കെ ജോസഫ്, വിഷൽ പ്രൊമോഷൻ: ഡോൺ മാക്സ്, കാസ്റ്റിങ് ഡയറക്ടർ: അലൻ പ്രാക്, എക്സി.പ്രൊഡ്യൂസേഴ്സ്: ശ്രുതി ലാലൻ, നിധി ലാലൻ, വിൻസെൻറ് ആലപ്പാട്ട്, സ്റ്റിൽസ്: റെനി, പ്രൊഡക്ഷൻ കൺട്രോളർ: റിച്ചാർഡ്, പോസ്റ്റ് പ്രൊഡക്ഷൻ കോഓർ!ഡിനേറ്റ!!ർ: ബാലു നാരായണൻ, കളറിസ്റ്റ്: ബിലാൽ റഷീദ്, വിഎഫ്എക്സ് സ്റ്റുഡിയോ: കോക്കനട്ട് ബഞ്ച്, ക്രിയേറ്റീവ് പ്രൊഡ്യൂസർ: ഷബീർ പി, പബ്ലിസിറ്റി ഡിസൈൻസ്: യെല്ലോ ടൂത്ത്സ്, പ്രൊമോഷൻസ്: സ്നേക്ക്പ്ലാൻറ് എൽഎൽപി, പിആർഒ: പ്രതീഷ് ശേഖർ.

# എന്റെ പ്രിയതമന്



മിഥുൻ മദൻ,ദാലി കരൺ,ഗൗരി കൃഷ്ണ, മൈഥിലി എന്നീ പുതുമുഖ താരങ്ങളെ പ്രധാന കഥാപാത്രങ്ങളാക്കി പി സേതു രാജൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന എന്റെ പ്രിയതമന് നവംബർ 29 ന് പ്രദർശനത്തിനെത്തുന്നു. ചിത്രവർണ്ണ ഫിലിംസിന്റെ ബാനറിൽ ആർ രഞ്ജി നിർമ്മിക്കുന്ന ഈ റൊമാന്റിക് മ്യൂസിക് ചിത്രത്തിൽ ഇന്ദ്രൻസ്, സുധീഷ്,മധുപാൽ,പി ശ്രീകുമാർ,പ്രേംകുമാർ, കൊച്ചു പ്രേമൻ,ശിവജി ഗുരുവായൂർ,റിസബാവ,അനു,കെ പി ഏ സി ലളിത,അംബിക മോഹൻ,ബേബി നയന തുടങ്ങിയവരാണ് അഭിനയിച്ചിരിക്കുന്നത്.രാജൂ വാരിയർ ഛായാഗ്രഹണം നിർവഹിക്കുന്നു.ഡോക്ടർ എം ജെം സദാശിവൻ എഴുതിയ വരികൾക്ക് ആൽബർട്ട് വിജയൻ സംഗീതം പകരുന്നു.കെ ജെ യേശുദാസ്, ജാനകി,കെ എസ് ചിത്ര എന്നിവരാണ് ഗായകർ.എഡിറ്റർ കെ ശ്രീനിവാസ്, പ്രൊഡക്ഷൻ കൺട്രോളർഎ ഡി ശ്രീ കുമാർ,കല മധു രാഘവൻ,മേക്കപ്പ്ബിനീഷ് ഭാസ്കർ, വസ്ത്രാലങ്കാരംഅനിൽ ചെമ്പൂർ,സ്റ്റിൽസ്മോഹൻ സുരഭി,പരസ്യകലരമേശ് എം ചാനൽ,കൊറിയോഗ്രാഫിഅഖില മനു ജഗത്,ആക്ഷൻറൺ രവി,ഡിഐ മഹാദേവൻ,സൗണ്ട്ഹരികുമാർ,പി ആർ ഒഎ എസ് ദിനേശ്.



# മേനേ പ്യാർ കിയ

ഹൃദു ഹാറൂൺ, അഷ്കർ അലി,മിദൂട്ടി,അർജ്യോ,പ്രീതി മുകുന്ദൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിനവാഗതനായ ഫൈസൽ ഫസിലുദ്ദീൻ സംവിധാനം ചെയ്യുന്ന 'മേനേ പ്യാർ കിയ' എന്ന ചിത്രത്തിന്റെ ചിത്രീകരണം ചങ്ങനാശ്ശേരിയിൽ ആരംഭിച്ചു.നിർമ്മാതാവ് സഞ്ജു ഉണ്ണിത്താൻ സ്വിച്ചോൺ കർമ്മം നിർവ്വഹിച്ചപ്പോൾ മഫത്ത്ലാൽ ഇൻഡസ്ട്രീസ് സിഇഒ രഘുനാഥ് ബാലകൃഷ്ണൻ ആദ്യ ക്ലാപ്പടിച്ചു.ജിയോ ബേബി, ശ്രീകാന്ത് വെട്ടിയാർ,റിഡിൻ കിംഗ്സിലി,ത്രികണ്ണൻ,മിമി ഗോപി,ബോക്സർ ദിനാ,ജഗദീഷ് ജനാർദ്ദനൻ,ജീവിത റെക്സ്,ബിബിൻ പെരുമ്പിള്ളി തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.ഛായാഗ്രഹണം ഡോൺപോൾ പി നിർവ്വഹിക്കുന്നു.സംവിധായകനായ ഫൈസൽ ഫസിലുദീൻ, ബിൽകെഫ്സൽ എന്നിവർ ചേർന്നാണ് ചിത്രത്തിന്റെ തിരക്കഥ രചിച്ചിരിക്കുന്നത്. സംഗീതംഅജ്മൽ ഹസ്ബുള്ള,എഡിറ്റിംഗ് കണ്ണൻ മോഹൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ബിനു നായർ,പ്രൊഡക്ഷൻ കൺട്രോളർ ശിഹാബ് വെണ്ണല, കലാസംവിധാനം സുനിൽ കുമാരൻ,ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ രാജേഷ് അടൂർ, കോസ്റ്റ്യൂംസ് അരുൺ മനോഹർ, മേക്കപ്പ് ജിത്തു പയ്യന്നൂർ,സൗണ്ട് ഡിസൈൻ രംഗനാഥ് രവി, സംഘട്ടനം കലൈ കിംങ്സൺ,പ്രൊജക്റ്റ് ഡിസൈനർ സൗമൃത വർമ്മ,ഡിഐ ബിലാൽ റഷീദ്, അസ്സോസിയേറ്റ് ഡയറക്ടർ അശ്വിൻ മോഹൻ,ഷിഹാൻ മുഹമ്മദ്, വിഷ്ണു രവി, സ്റ്റിൽസ്ഷൈൻ ചെട്ടികുളങ്ങര, പ്രൊഡക്ഷൻ എക്സിക്യൂട്ടിവ് വിനോദ് വേണുഗോപാൽ, ആന്റണി കുട്ടമ്പുഴ, ഡിസൈൻയെല്ലോ ടൂത്സ്,വിതരണം സ്പയർ പ്രൊഡക്ഷൻസ്,അഡ്മിനിസ്ട്രേഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ ഹെഡ്പ്രദീപ് മേനോൻ,പി ആർ ഒഎ എസ് ദിനേശ്.




# ഇ ഡി (എക്സ്ട്രാ ഡീസന്റ്) ഡിസംബർ 20ന്

മാജിക് ഫ്രെയ്മ്സും വിലാസിനി സിനിമാസും ചേർന്ന് നിർമ്മിക്കുന്ന ഇ.ഡി(എക്സ്ട്രാ ഡീസന്റ്) ഡിസംബർ 20ന് തിയേറ്ററുകളിലേക്കെത്തും. ഡാർക്ക് ഹ്യൂമർ ജോണറിലൊരുങ്ങുന്ന ഇ ഡി സംവിധാനം ചെയ്തിരിക്കുന്നത് ആമിർ പള്ളിക്കൽ ആണ്. ആഷിഫ് കക്കോടിയാണ് ചിത്രത്തിന്റെ രചന നിർവഹിക്കുന്നത്.

സുരാജ് വെഞ്ഞാറമൂട്, ഗ്രേയ്സ് ആന്റണി, വിനയപ്രസാദ്, റാഫി, സുധീർ കരമന, ശ്യാം മോഹൻ, ദിൽന പ്രശാന്ത് അലക്സാണ്ടർ, ഷാജു ശ്രീധർ,സജിൻ ചെറുകയിൽ,വിനീത് തട്ടിൽ എന്നിവരാണ് ചിത്രത്തിലെ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. മൂകാംബികാ,പാലക്കാട്, കൊച്ചി എന്നിവിടങ്ങളിലാണ് ഇ ഡിയുടെ ചിത്രീകരണം നടന്നത്. ഇ ഡി യുടെ അണിയറ പ്രവർത്തകർ ഇവരാണ്. കോ പ്രൊഡ്യൂസർ : ജസ്റ്റിൻ സ്റ്റീഫൻ, ലൈൻ പ്രൊഡ്യൂസർ : സന്തോഷ് കൃഷ്ണൻ, ഡി ഓ പി : ഷാരോൺ ശ്രീനിവാസ്, മ്യൂസിക് : അങ്കിത് മേനോൻ, എഡിറ്റർ : ശ്രീജിത്ത് സാരംഗ്, ആർട്ട് : അരവിന്ദ് വിശ്വനാഥൻ, എക്സികുട്ടിവ് പ്രൊഡ്യൂസർ : നവീൻ പി തോമസ്,ഉണ്ണി രവി, വസ്ത്രാലങ്കാരം : സമീറാ സനീഷ്, മേക്കപ്പ് : റോണക്സ് സേവിയർ, ചീഫ് അസ്സോസിയേറ്റ് : സുഹൈൽ.എം, ലിറിക്സ് : വിനായക് ശശികുമാർ, സുഹൈൽ കോയ, മുത്തു , പ്രൊഡക്ഷൻ കൺട്രോളർ : ഗിരീഷ് കൊടുങ്ങല്ലൂർ,സൗണ്ട് ഡിസൈൻ : വിക്കി, ഫൈനൽ മിക്സ് : എം. രാജകൃഷ്ണൻ, അഡ്മിനിസ്ട്രേഷൻ&ഡിസ്ട്രിബൂഷൻ ഹെഡ് : ബബിൻ ബാബു, പ്രൊഡക്ഷൻ ഇൻ ചാർജ് : അഖിൽ യെശോധരൻ,കാസ്റ്റിംഗ് ഡയറക്ടർ: നവാസ് ഒമർ, സ്റ്റിൽസ്: സെറീൻ ബാബു, ടൈറ്റിൽ & പോസ്റ്റേർസ് : യെല്ലോ ടൂത്ത്സ്, മാർക്കറ്റിംഗ് ആൻഡ് ഡിസ്ട്രിബൂഷൻ : മാജിക് ഫ്രെയിംസ് റിലീസ്, പി ആർ ഓ : പ്രതീഷ് ശേഖർ.

# അന്താരാഷ്ട്ര ഒബ്സ്റ്റെട്രിക്സ് കോൺക്ലേവിന് നാളെ തുടക്കം

**കൊച്ചി:** കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റെട്രിക്സ് ആൻഡ് ഗൈനക്കോളജി (കെ. എഫ്. ഒ. ജി) കൊച്ചി ഒബ്സ്റ്റെട്രിക്സ് ആൻഡ് ഗൈനക്കോളജിക്കൽ സൊസൈറ്റിയുമായി (സി. ഒ. ജി. എസ്) ചേർന്ന് സംഘടിപ്പിക്കുന്ന ആദ്യ അന്താരാഷ്ട്ര ഒബ്സ്റ്റെട്രിക്സ് കോൺക്ലേവ്, 'ജെസ്റ്റിക്കോൺ 2024' നവംബർ 23, 24 തീയതികളിൽ കൊച്ചി ക്രൗൺ പ്ലാസയിൽ നടക്കും. ഗൈനക്കോളജി വിദഗ്ദരുടെ അന്താരാഷ്ട്ര സംഘടനയായ ഫിഗോയുടെ ട്രഷറർ ഡോ. ശാന്തകുമാരി കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. 'ഓരോ ജനനത്തിലും മികവ്, ഓരോ ഘട്ടത്തിലും പുതുമ' എന്നതാണ് ജെസ്റ്റികോൺ 2024 ന്റെ പ്രമേയം.

വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രമുഖ ഒബ്സ്റ്റെട്രീഷ്യൻമാർ, ഗൈനക്കോളജിസ്റ്റുകൾ, ആരോഗ്യ വിദഗ്ദ്ധർ എന്നിവർ പങ്കെടുക്കുന്ന പാനൽ ചർച്ചകൾ, പ്രഭാഷണങ്ങൾ, അവതരണങ്ങൾ, വർക്ഷോപ്പുകൾ എന്നിവ രണ്ട് ദിവസത്തെ സമ്മേളനത്തിന്റെ ഭാഗമാണ്.അന്താരാഷ്ട്ര തലത്തിൽ സിസേറിയൻ ശസ്ത്രക്രിയക്ക് മാർഗ്ഗനിർദേശങ്ങൾ രൂപീകരിച്ച ഡോ. മൈക്ക് റോബ്സൺ (അയർലൻഡ്), സിസേറിയൻ ഓപ്പറേഷന്റെ നിരക്ക് കുറക്കുന്നത് ചർച്ച ചെയ്യുന്ന പ്രത്യേക ശിൽപശാലയും സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിക്കും.ലണ്ടനിൽ നിന്നുള്ള ഡോ. ജ്യോത്സ്ന പുന്ദിർ വിവിധ വിഷയങ്ങളെക്കുറിച്ച് പ്രബന്ധങ്ങൾ അവതരിപ്പിക്കും. കെഎംസി, ഐസിജി ക്രെഡിറ്റ് പോയിന്റുകൾ നേടാനുള്ള അവസരങ്ങളും കോൺക്ലേവിലുണ്ട്.

കേരളത്തിനകത്തും പുറത്തുനിന്നുമായി 700 ഓളം പ്രസവ ചികിത്സാ വിദഗ്ദ്ധർ ശിൽപശാലകളിലും തുടർ പരിപാടികളിലും പങ്കെടുക്കുമെന്ന് കെ എഫ് ഒ ജി പ്രസിഡന്റും സംഘാടകസമിതി ചെയർമാനുമായ ഡോ. കെ. യു. കുഞ്ഞുമൊയ്തീൻ (കോഴിക്കോട്), സംഘാടക സമിതി സെക്രട്ടറിമാരായ ഡോ. സുഭാഷ് മല്ല്യ (കോഴിക്കോട്) , ഡോ. ഫെസി ലൂയിസ് എന്നിവർ അറിയിച്ചു.കൂടുതൽ വിവരങ്ങൾക്ക് kfogoffice@gmail.com എന്നീ ഇമെയിൽ വിലാസത്തിലോ 8129019939, 8919819391 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാം.

# കെഫോൺ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാം; മെഗാ കേബിൾ ഫെസ്റ്റിൽ സ്റ്റാളുമായി കെഫോൺ

**കൊച്ചി:** കേബിൾ ടി.വി ഓപ്പറേറ്റേഴ്സ് അസോസിയേഷൻ കൊച്ചിയിൽ സംഘടിപ്പിക്കുന്ന മെഗാ കേബിൾ ഫെസ്റ്റിൽ ലാസ്റ്റ്മൈൽ നെറ്റ്വർക്ക് സേവനദാതാക്കൾക്കും ഉപഭോക്താക്കൾക്കുമായി സ്റ്റാളൊരുക്കി കെഫോൺ. ലാസ്റ്റ്മൈൽ നെറ്റ്വർക്ക് സേവനദാതാക്കൾക്ക് കെഫോൺ ശൃംഖലയുടെ ഭാഗമാകുവാനും ഒപ്പം പൊതുജനങ്ങൾക്ക് പുതിയ കണക്ഷനുകൾക്കായി അപേക്ഷിക്കാനുള്ള സൗകര്യവും സ്റ്റാളിൽ സജ്ജീകരിച്ചിട്ടുണ്ട്.

കെഫോണുമായി ബന്ധപ്പെട്ട എല്ലാ അന്വേഷണങ്ങൾക്കും നിലവിലെ ഉപഭോക്താക്കൾക്ക് ഏതെങ്കിലും തരത്തിലുള്ള പരാതികളുണ്ടെങ്കിൽ അവ രജിസ്റ്റർ ചെയ്യുവാനും ഇവിടെ സാധിക്കും. കെഫോൺ സേവനങ്ങൾ നൽകുന്നതിനായി നിലവിൽ കേരളത്തിലുടനീളമുള്ള 3000ന് മുകളിൽ ഓപ്പറേറ്റർമാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടുതൽ ഓപ്പറേറ്റർമാർക്ക് കെഫോണിന്റെ ഭാഗമാകുവാൻ സാധിക്കുന്ന സ്പോട്ട് രജിസ്ട്രേഷൻ സംവിധാനമാണ് മെഗാ കേബിൾ ഫെസ്റ്റിന്റെ ഭാഗമായി കെഫോൺ ഒരുക്കുന്നത്. ബ്രോഡ്ബാൻഡ് ബിസിനസ് ലൈസൻസ് ഉടമകളായ ഏതൊരു ഓപ്പറേറ്റർക്കും കെഫോണിന്റെ പങ്കാളികളാകുവാൻ അപേക്ഷിക്കാം. രജിസ്റ്റർ ചെയ്യുന്നവർ ആവശ്യമായ രേഖകൾ സമർപ്പിച്ചുകൊണ്ട് 24 മണിക്കൂറിനുള്ളിൽ കെഫോണിന്റെ ഭാഗമാകാൻ സാധിക്കും. ആകർഷകമായ ഇൻസെന്റീവുകൾ, പ്രത്യേക പാർട്ണർ സപ്പോർട്ട് ലൈൻ, 24 മണിക്കൂറും പ്രവർത്തനസജ്ജമായ ടെക്നിക്കൽ സപ്പോർട്ട്, 14 ജില്ലകളിലുമുള്ള ഡിസ്ട്രിക്റ്റ് ഓഫീസുകൾ, സംസ്ഥാനത്തുടനീളമുള്ള ഗവൺമെന്റ് ഓഫീസുകളിലേക്കും, ബി.പി.എൽ കുടുംബങ്ങൾക്കും കെഫോൺ കണക്ഷൻ നൽകുവാനാവുള്ള അവസരം എന്നിങ്ങനെ നിരവധി നേട്ടങ്ങൾ കെഫോണിന്റെ ഭാഗമാകുന്നതോടെ ഓപ്പറേറ്റർമാർക്ക് ലഭ്യമാകും.

ആവശ്യക്കാർക്ക് പുതിയ കണക്ഷനുകൾക്കായി അപേക്ഷിക്കാനുള്ള സൗകര്യവുമുണ്ട്, സ്റ്റാളിൽ പ്രദർശിപ്പിച്ചിരിക്കുന്ന ക്യൂആർ കോഡ് സ്കാൻ ചെയ്ത് എളുപ്പത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിച്ചാലുടൻ തന്നെ കെഫോൺ കസ്റ്റമർ സപ്പോർട്ടിൽ നിന്ന് ഉപഭോക്താവിന് കോൾ ലഭിക്കുകയും കണക്ഷൻ സ്ഥിരീകരിച്ച് പരമാവധി 7 പ്രവൃത്തി ദിവസത്തിനുള്ളിൽ തന്നെ കണക്ഷൻ നൽകുകയും ചെയ്യുന്നു. അതോടൊപ്പം കെഫോൺ കണക്ഷനായുമായുള്ള സംശയങ്ങൾക്കും പരാതികളും അറിയിക്കുവാനുള്ള പ്രത്യേക സൗകര്യവും ഉണ്ടാകും.

നവംബർ 21 മുതൽ 23 വരെ കൊച്ചി കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന മെഗാ കേബിൾ ഫെസ്റ്റിൽ കേബിൾ ടിവി, ബ്രോഡ്ബാൻഡ് ഇൻഡസ്ട്രിയിലെ നവീന സാങ്കേതികവിദ്യകളും മാറ്റങ്ങളും നേരിട്ടറിയുവാൻ ഓപ്പറേറ്റർമാർക്ക് സാധിക്കും. ഫെസ്റ്റിലെ സ്റ്റാൾ നമ്പർ എ വണ്ണിലാണ് കെഫോൺ സ്റ്റാൾ സജ്ജമാക്കിയിട്ടുള്ളത്.

# സൈൻ ഇന്ത്യ എക്സ്പോ ഇന്ന് തുടങ്ങും

**കൊച്ചി:** സൈൻ പ്രിന്റിംഗ് ഇൻഡസ്ട്രീസ് അസോസിയേഷനും, സൈൻ ഇന്ത്യയും സംയുക്തമായി സംഘടിപ്പിക്കുന്ന സൈൻ ഇന്ത്യ എക്സ്പോ നവംബർ 22 23 24 തീയതികളിൽ കറുകുറ്റി അഡ്ലക്സ് ഇൻറർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്നു. സൈൻ ഇന്ത്യ എക്സ്പോയുടെ പവലിയൻ ഉദ്ഘാടനം നിർവഹിക്കുന്നത് ബെന്നി ബെഹനാൻ എംപിയും, എക്സിബിഷന്റെ ഉദ്ഘാടനം നിർവഹിക്കുന്നത് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവും ആയിരിക്കും.ഏകീകൃത സംഘടനയായ സൈൻ പ്രിന്റിംഗ് ഇൻഡസ്ട്രീസ് അസോസിയേഷനിലും, സൈൻ ഇന്ത്യയിലുമായി കേരളത്തിലെ 1400 ഓളം വരുന്ന വ്യവസായ സ്ഥാപനങ്ങളാണ് അംഗങ്ങളായുള്ളത്. സൈനേജ് പ്രിന്റിംഗ്, ഡിജിറ്റൽ മേഖലയിലെ നൂറിൽപരം കമ്പനികൾ പങ്കെടുക്കുന്ന കേരളത്തിലെ ഏക സൈനേജ് ആൻഡ് അഡ്വർടൈസ്മെന്റ് എക്സിബിഷനിൽ, വ്യവസായ മേഖലയിലെ ഏറ്റവും പുതിയ സാങ്കേതിക വിദ്യയും, മിഷനറികളും പരിചയപ്പെടുത്തും. വിവിധ രാജ്യങ്ങളിലുള്ള പ്രതിനിധികൾ ഉൾപ്പെടെ പങ്കെടുക്കുന്ന വിപുലമായ എക്സിബിഷൻ നവംബർ 24ന് സമാപിക്കും. എക് സിബിഷനിൽ കേരളത്തിൽനിന്ന് മൂന്ന് ദിവസങ്ങളിലായി വ്യവസായികളും ഡിസൈനർമാരും ഉൾപ്പെടെ 10000 ത്തിൽപരം അംഗങ്ങൾ പങ്കുചേരും. മൂന്ന് ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ട്രേഡ് മേള കേരളത്തിലെ ഡിജിറ്റൽ മേഖലയിലെ മാമാങ്കം കൂടിയാണ്. 2024 ഡിസംബർ 7,8 തീയതിയിൽ നടക്കുന്ന സൈൻ പ്രിൻറിംഗ് ഇൻഡസ്ട്രീസ് അസോസിയേഷൻറെ ഏഴാമത് സംസ്ഥാന സമ്മേളനത്തിന് മുന്നോടിയാണ് എക്സിബിഷൻ സംഘടിപ്പിക്കുന്നത്.സൈൻ പ്രിൻറിംഗ് ഇൻഡസ്ട്രീസ് അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് ജോസഫ് പെരുമായൻ,ജനറൽ സെക്രട്ടറി ജെസ്സൽ പുല്ലാവൂർ, സ്റ്റേറ്റ് വൈസ് പ്രസിഡൻറ് സ്റ്റീഫൻ മാടവന, ജില്ലാ സെക്രട്ടറി ഷെരീഫ് പി ഹസൻ,സൈൻ ഇന്ത്യ മാനേജിംഗ് പാർക്കർ പി ശിവപ്രസാദ് എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ബന്ധൻ മുചാൽ ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** നിഫ്റ്റി 200 ഗണത്തിൽ ഉൾപ്പെട്ട നിക്ഷേപ പദ്ധതി ബന്ധൻ മുചാൽ ഫണ്ട് അവതരിപ്പിച്ചു. പുതിയ നിഫ്റ്റി 200 ക്വാളിറ്റി 30 ഇൻഡെക്സ് ഫണ്ടിൽ നവംബർ 29 വരെ നിക്ഷേപിക്കാമെന്ന് ബന്ധൻ എഎംസി സിഇഒ വിശാൽ കപൂർ പറഞ്ഞു..ഓഹരി വരുമാനം, കടംഓഹരി അനുപാതം, പ്രതി ഓഹരി വരുമാനം തുടങ്ങിയ വിവിധ പ്രധാന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് മികച്ച പ്രകടനം നടത്തുന്ന 30 കമ്പനികളുടെ ഓഹരികൾ ഈ ഫണ്ടിനായി തിരഞ്ഞെടുത്തിരിക്കുന്നത്. മുചാൽ ഫണ്ട് വിതരണക്കാർ മുഖേനയോ, ഓൺലൈൻ പ്ലാറ്റ്ഫോമുകളിലോ, ബന്ധൻ മുചാൽ ഫണ്ട് വെബ്സ്റ്റിൽ നിന്ന് നേരിട്ടോ ഈ ഫണ്ടിൽ നിക്ഷേപിക്കാം. പ്രതിസന്ധികളെ അതിജീവിക്കാൻ ശേഷിയുള്ള ലാർജ്കാപ്, മികച്ച ഗുണമേന്മയുള്ള കമ്പനികളുടെ ഓഹരികൾക്ക് ഡിമാൻഡ് വർധിച്ച് വരികയാണ്. ദീർഘകാല നിക്ഷേപകർക്ക് മികച്ച ഫണ്ടാണിതെന്നും വിശാൽ കപൂർ പറഞ്ഞു.




# എപ്പിലെപ്സി ക്ലിനിക് ഉദ്ഘാടനം ചെയ്തു

**കൊച്ചി :** കാക്കനാട് സൺറൈസ് ആശുപത്രി എപ്പിലെപ്സി ക്ലിനിക്കിന്റെ ഉദ്ഘാടനം ഇൻഫോപാർക്ക് സി ഇ ഒ സുശാന്ത് കുറുന്തിൽ നിർവഹിച്ചു. സൺറൈസ് ആശുപത്രി മാനേജിംഗ് ഡയറക്ടർ പർവീൻ ഹഫീസ് ആശുപത്രി സി ഇ ഒ സുരേഷ് കുമാർ തമ്പി എന്നിവർ ചടങ്ങിൽ പങ്കെടുത്തു. അപസ്മാര ചികിത്സ വളരെയേറെ കൃത്യതയോടെ ജനങ്ങൾക്ക് പ്രയോജനകരമാകുന്നതിനും വേഗമാർന്ന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാകുന്നതിനും വേണ്ടിയാണ് ആശുപത്രിയിൽ ഇത്തരമൊരു സംരംഭം ആവിഷ്കരിക്കുന്നതെന്ന് ആശുപത്രി മാനേജിംഗ് ഡയറക്ടർ പർവീൻ ഹഫീസ് അഭിപ്രായപ്പെട്ടു. തൃക്കാക്കര റസിഡൻസ് അസോസിയേഷൻ അപെക്സ് കൗൺസിൽ പ്രസിഡന്റ് സലിം കുന്നുംപുറം, ആശുപത്രി ജനറൽ മാനേജർ മുഹമ്മദ് റിയാസ് , മെഡിക്കൽ സൂപ്രണ്ട് ഡോ. തോമസ് ഗ്രിഗറി ജനറൽ മാനേജർ ഓപ്പറേഷൻസ് മുഹമ്മദ് സഫീർ ഡോ. ഷൈമ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു.



# ഹാരിസൺസ് മലയാളം സന്ദർശിച്ച് ഓസ്ട്രേലിയൻ കോൺസൽ ജനറൽ

**കൊച്ചി:** ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായുള്ള ഉഭയകക്ഷി വാണിജ്യബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായി ദക്ഷിണേന്ത്യയിലെ ഓസ്ട്രേലിയൻ കോൺസൽ ജനറൽ സിലായി സാക്കി ഹാരിസൺസ് മലയാളം ലിമിറ്റഡിൻറെ (എച്ച്എംഎൽ) കൊച്ചി ഓഫീസ് സന്ദർശിച്ചു.ഇന്ത്യയിൽ നിന്നുള്ള തോട്ടവിള ഉൽപ്പന്നങ്ങളുടെ ഓസ്ട്രേലിയയിലെ വിപണനത്തിന് എല്ലാ പിന്തുണയും അവർ വാഗ്ദാനം ചെയ്തു. ഇതിനു പുറമെ ഓസ്ട്രേലിയയിലെ ഗവേഷണവികസന മാനദണ്ഡങ്ങൾ ഇന്ത്യയിൽ നടപ്പാക്കുന്നതിൻറെ സാധ്യതയും അവർ പരിശോധിച്ചു.കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള കയറ്റുമതിയിൽ 67 ശതമാനത്തിൻറെ വർധനവാണ് ഉണ്ടായിട്ടുള്ളത്. കയറ്റുമതി ഇനിയും ഉയരാനുള്ള സാധ്യതയേറെയാണെന്നും സിലായി സാക്കി പറഞ്ഞു. ഹാരിസൺസ് മലയാളം തോട്ടങ്ങളിൽ നടപ്പാക്കുന്ന സുസ്ഥിര വികസന പരിപാടികൾ, നിർമ്മിതബുദ്ധി ഉപയോഗിച്ചുള്ള പ്രവർത്തനം തുടങ്ങിയവയെ അവർ പ്രശംസിച്ചു.തേയില, റബർ, പഴവർഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയവയുടെ ഓസ്ട്രേലിയയിലേക്കുള്ള കയറ്റുമതിയെക്കുറിച്ചും ചർച്ച നടത്തി. മൂല്യവർധിത ഉത്പന്നങ്ങൾക്ക് ഓസ്ട്രേലിയയിൽ വൻഡിമാൻഡാണെന്നും അവർ അറിയിച്ചു.തോട്ടം മേഖല നേരിടുന്ന പ്രശ്നങ്ങൾ, സാധ്യതകൾ എന്നിവയെക്കുറിച്ച് വിശദമായ ചർച്ച നടത്തിയെന്ന് ഹാരിസൺസ് മലയാളം സിഇഒമായ ചെറിയാൻ എം ജോർജ്ജും സന്തോഷ് കുമാറും പറഞ്ഞു. തേയിലയടക്കമുള്ള തോട്ടവിള ഉത്പാദനം, വിപണി, ഗുണമേന്മാ മാനദണ്ഡങ്ങൾ തുടങ്ങിയവയെക്കുറിച്ച് എച്ച്എംഎൽ അധികൃതർ അവതരണം നടത്തി.

# അത്യാധുനിക ഹോം ലിഫ്റ്റുകളുമായി നിബവ് ലിഫ്റ്റ്സ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഹോം ലിഫ്റ്റ് ബ്രാൻഡായ നിബവ് ലിഫ്റ്റ്സ് അത്യാധുനിക സാങ്കേതിവിദ്യയോടു കൂടിയ സീരീസ് ഫോർ ഹോം ലിഫ്റ്റുകൾ കൊച്ചിയിൽ അവതരിപ്പിച്ചു. പുതിയ സാങ്കേതികവിദ്യയ്ക്കൊപ്പം വേറിട്ട് നിൽക്കുന്ന രൂപകൽപ്പനയിലും മികച്ച ഫീച്ചറുകളിലുമെത്തുന്ന സീരീസ് ഫോർ4 ഹോം ലിഫ്റ്റുകൾ ഉപഭോക്തക്കൾക്ക് പുതിയ ആഡംബര അനുഭവം നൽകുന്നതാണെന്ന് കമ്പനി അധികൃതർ അറിയിച്ചു. എഐ ക്യാബിൻ ഡിസ്‌പ്ലേ, സ്വയംപ്രവർത്തിക്കുന്ന എൽഒപി ഡിസ്‌പ്ലേ, സുഗമമായ ലാൻഡിങ് സാധ്യമാക്കുന്ന മികച്ച പ്രവർത്തന കാര്യക്ഷമതയുള്ള ലിഡാർ 2.0 ടെക്നോളജി തുടങ്ങിയവയോടെയാണ് നിബവ് സീരീസ് ഫോർ ലിഫ്റ്റുകൾ അവതരിപ്പിച്ചിരിക്കുന്നത്. മിഡ്നൈറ്റ് ബ്ലാക്ക് പതിപ്പിൽ ലഭിക്കുന്ന ഈ ലിഫ്റ്റ് ഏറ്റവും കൂടുതൽ വിശാലതയുള്ള എയർ ലിഫ്റ്റ് കൂടിയാണ്. ആംബിയന്റ് ലൈറ്റിങ്, ന്യൂസിലാൻഡ് വൂൾ കാർപ്പെറ്റ്, സ്റ്റാർലൈറ്റ് സീലിങ്, ലെതർ ഫിനിഷിലുള്ള ഇന്റീരിയർ എന്നിവയും ഈ ലിഫ്റ്റിന്റെ സവിശേഷതയാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.




# ആഗ്രഹിക്കുന്നത് നേടാനുള്ള ത്വര ഉണ്ടെങ്കിൽ വിജയത്തിലെത്തും: ആനന്ദ് നീലകണ്ഠൻ

**കൊച്ചി:** ആഗ്രഹിക്കുന്നത് നേടാനുള്ള ത്വര ഉണ്ടെങ്കിലേ വിജയത്തിലെത്താൻ കഴിയൂവെന്ന് എഴുത്തുകാരനും തിരക്കഥാകൃത്തുമായ ആനന്ദ് നീലകണ്ഠൻ. കേരള മാനേജ്മെന്റ് അസോസിയേഷൻ സംഘടിപ്പിച്ച സിഇഒ കോൺക്ലേവിൽ ദി അസുര വേ ഓഫ് ലൈഫ് എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിജയത്തിലേക്കെത്താനുള്ള ഏറ്റവും നല്ല വഴിയാണ് അസുര മാർഗം ഇന്ത്യൻ ഗുരുക്കന്മാർ പുരാണകഥകളിലൂടെ പഠിപ്പിക്കാൻ ശ്രമിച്ചതും ഇതാണ്. ഇതിഹാസമായാലും പുരാണമായാലും ശരിയായ അർഥത്തിൽ മനസിലാക്കണമെന്നും അദ്ദേഹം പറഞ്ഞു. ബിസിനസിലായാലും ചലച്ചിത്രമേഖലയിലായാലും ചിന്താ പ്രക്രിയ പൊതുവെ കുറവാണ്. വ്യത്യസ്തമായ രീതികളിൽ ചിന്തിക്കാൻ കുട്ടികളെ പ്രേരിപ്പിക്കണം. ദേഷ്യം, നിയന്ത്രിക്കാനും സംതൃപ്തിക്ക് വേണ്ടി ജോലി ചെയ്യാനും എല്ലാവരും ശീലിക്കണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. അസൂയ മനസ്സിൽ രൂപപ്പെടുന്നത് മനസ് നൽകുന്ന മുന്നറിയിപ്പാണ്.യുക്തിയുപയോഗിച്ച നല്ലത് മാത്രം തെരഞ്ഞെടുക്കണം. ഒരാളെ മടിയനാക്കാനോ റോബോട്ടാക്കാനോ മാത്രമേ നിഷ്കാമകർമ പ്രയോജനപ്പെടൂ. ആഗ്രഹവും ലക്ഷ്യവും ഉള്ളവരായിരിക്കണമെന്നും ആനന്ദ് നീലകണ്ഠൻ പറഞ്ഞു.

# കെഎഫ്സി ടേസ്റ്റ് ദി എപിക് ക്യാമ്പയ്നുമായി വിജയ് ദേവരകൊണ്ട




**കൊച്ചി:** ആക്ഷൻ താരം വിജയ് ദേവരകൊണ്ടയുമായി ചേർന്ന് ടേസ്റ്റ് ദി എപിക് പ്രചാരണവുമായി കെഎഫ്സി. കെഎഫ്സി മെനുവിൽ ഏറെ ആരാധകരുള്ള ഐക്കോണിക്ക് ഹോട്ട് & ക്രിസ്പി ചിക്കൻ ബക്കറ്റ്, ക്ലാസിക് അമേരിക്കൻ സിംഗർ എന്നിവയുൾപ്പെടെ ആകാശത്ത് ഉയരത്തിൽ പറക്കുന്ന ഹോട്ട് ബലൂണിൽ നിന്ന് രുചിച്ചുകൊണ്ട് വിജയ് എപിക് ക്യാമ്പയ്ൻ പുറത്തിറക്കിയത്.രുചിയുടെ കാര്യത്തിൽ ഐതിഹാസികമായ കെഎഫ്സി ആകാശത്ത് ഹോട്ട് ബലൂണിൽ ആസ്വദിക്കാൻ സാധിച്ചത് മികച്ച അനുഭവമായിരുന്നെന്ന് വിജയ് ദേവരകൊണ്ട പറഞ്ഞു. കെഎഫ്സിയുടെ എല്ലാ റെസ്റ്റോറന്റുകളിലും ഈ സിഗ്നേച്ചർ മെനു ലഭ്യമാണ്.



# ലക്ഷദ്വീപിൽ കോകൊ ഫെസ്റ്റിന് തുടക്കം

**കൊച്ചി:** നാളികേര കാർഷിക വികസനം ലക്ഷ്യമിട്ട് നൂതന സാങ്കേതികവിദ്യകളും ലക്ഷദ്വീപിന്റെ പൈതൃകവും സമന്വയിപ്പിച്ച കോകൊ ഫെസ്റ്റിന് കവരത്തിയിൽ തുടക്കം. വിവിധ ദ്വീപുകളിലെ കർഷകർ എത്തിക്കുന്ന നാളികേര ഉൽപന്നങ്ങളുടെ പ്രദർശനം, ഭക്ഷ്യമേള, സംരംഭക സംഗമം, തെങ്ങ് കയറ്റ മത്സരം, പാചക മത്സരം, സാങ്കേതികവിദ്യാ പ്രദർശനം, സാംസ്കാരികോത്സവം തുടങ്ങിയവ മേളയിലുണ്ട്. നാളികേരത്തിൽ നിന്നുള്ള കരകൗശല വസ്തുക്കളും വൈവിധ്യമാർന്ന നാളികേര രുചികളും പരിപാടിയുടെ പ്രധാന ആകർഷണങ്ങളാണ്. ലക്ഷദ്വീപിന്റെ പാരമ്പര്യ തനിമ അടയാളപ്പെടുത്തുന്ന കലസംഗീത പരിപാടികളും മേളയുടെ ഭാഗമാണ്.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) കീഴിലുള്ള ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രം, ദ്വീപിലെ കൃഷി വകുപ്പ്, കാർഷിക ഉൽപാദന സംഘം എന്നിവർ സംയുക്തമായാണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. ഉപജീവനത്തിലും സംസ്കാരത്തിലും ദ്വീപുവാസികളുടെ ജീവനാഡിയായ നാളികേര കാർഷികവൃത്തിയുടെ സുസ്ഥിര വികസനമാണ് മേളയിലൂടെ ലക്ഷ്യമിടുന്നത്. വെളിച്ചെണ്ണ, നാളികേര അധിഷ്ഠിത മധുരപലഹാരങ്ങൾ, വിനാഗിരി, നീര, മറ്റ് തദ്ദേശീയ മൂല്യവർദ്ധനകൾ തുടങ്ങി വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ മേളയിൽ ലഭ്യമാണ്.

ഗവേഷണ സ്ഥാപനങ്ങൾ, എല്ലാ ദ്വീപുകളിൽ നിന്നുമുള്ള കർഷക ഉൽപാദക സംഘടനകൾ, സ്വയം സഹായ സംഘങ്ങൾ, ചെറുകിട വ്യവസായങ്ങൾ, മറ്റ് ഏജൻസികൾ എന്നിവരുടേതുൾപ്പെടെ 50ഓളം സ്റ്റാളുകൾ മേളയിലുണ്ട്.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന് (ഐസിഎആർ) കീഴിലുള്ള സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിപിസിആർഐ), കശുവണ്ടി ഗവേഷണ ഡയറക്ടറേറ്റ് (ഡിസിആർ), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചറൽ റിസർച്ച് (ഐഐഎച്ച്ആർ), സിഎംഎഫ്ആർഐ തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുടെയും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കാംകോ), കേരള മാർക്കറ്റ് ഫെഡ് ഉൾപ്പെടെയുള്ള വിവിധ സർക്കാർ ഏജൻസികളുടെയും സ്റ്റാളുകൾ മേളയിലുണ്ട്.

ഐസിഎആർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ ഉധംസിംഗ് ഗൗതം മേള ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, സിപിസിആർഐ ഡയറക്ടർ ഡോ കെ ബി ഹെബ്ബാർ, ഡിസിആർ ഡയറക്ടർ ഡോ ഡി അഡിഗ, ഡോ വി വെങ്കട്ടസുബ്രഹ്മണ്യൻ, ഡോ പി എൻ അനന്ത് എന്നിവർ സംസാരിച്ചു. ലക്ഷദ്വീപിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം ഉൾക്കൊള്ളുന്ന പരമ്പരാഗത സംഗീതം, നൃത്തം, കല എന്നിവയും മേളയിലേക്ക് ദ്വീപുവാസികളെ ആകർഷിക്കുന്നു. ലോക മത്സ്യത്തൊഴിലാളി ദിനാചരണത്തിന്റെ ഭാഗമായി നടന്ന പ്രത്യേക ചർച്ച മേളയുടെ ഭാഗമായി നടന്നു. കോകൊ ഫെസ്റ്റ് ഇന്ന് (വെള്ളി) സമാപിക്കും.

# ഫിക്സഡ് ഡെപ്പോസിറ്റ് നിക്ഷേപം ആരംഭിച്ച് സൂപ്പർ മണി ആപ്പ്

**കൊച്ചി :** ഫ്ളിപ്പ്കാർട്ട് ഗ്രൂപ്പിന്റെ ഭാഗമായ യുപിഐ ഫിൻടെക്ക് കമ്പനി സൂപ്പർമണി 9.5 ശതമാനം പലിശ നൽകുന്ന സൂപ്പർ എഫ്ഡി പദ്ധതി ആരംഭിച്ചു. ആനായാസമായി യുപിഐയിലൂടെ 2 മിനിറ്റിനകം പൂർണ്ണമായും ഡിജിറ്റലായി നടത്താവുന്ന സ്ഥിര നിക്ഷേപം പദ്ധതി യുവതലമുറയിൽ സേവിങ്സ് പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് ആരംഭിച്ചതെന്ന് സൂപ്പർ മണി ഫൗണ്ടർ ആന്റ് സിഇഒ പ്രകാശ് സിക്കാരിയ പറഞ്ഞു. റിസർവ് ബാങ്ക് അനുമതി നൽകിയ 5 ബാങ്കുകളിൽ ഉപഭോക്താക്കൾക്ക് സൂപ്പർമണി ആപ്പിലൂടെ 1000 രൂപ മുതൽ നിക്ഷേപം നടത്താവുന്നതാണ്. സ്ഥിര നിക്ഷേപങ്ങൾക്ക് 5 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയുമുണ്ട്.ഇതാദ്യമായാണ് യുപിഐ ആപ്പിലൂടെ സ്ഥിര നിക്ഷേപ പദ്ധതി ആരംഭിക്കുന്നത്. പുതു തലമുറ നിക്ഷേപകർക്ക് ആകർഷകമായ നിക്ഷേപ പദ്ധതികൾ ആരംഭിക്കുക എന്ന റിസർവ് ബാങ്കിന്റെ വീക്ഷണങ്ങൾക്ക് അനുസൃതമായാണ് പദ്ധതിയെന്നും പ്രകാശ് സിക്കാരിയ പറഞ്ഞു. സൂപ്പർ മണി ആപ്പിന്റെ 7 ദശലക്ഷത്തോളം ഉപഭോക്താക്കൾക്ക് ഈ പദ്ധതി പ്രയോജനം ചെയ്യും. സുപ്പർ യുപിഐ, സൂപ്പർ കാർഡ് എന്നീ പദ്ധതികൾ സുപ്പർമണി നേരത്തെ ആരംഭിച്ചിരുന്നു.




# ടൈക്കോൺ കേരള സംരംഭക സമ്മേളനം ഡിസംബറിൽ

**കൊച്ചി:** സംസ്ഥാനത്തെ ഏറ്റവും വലിയ സംരംഭക സമ്മേളനമായ ടൈക്കോൺ കേരള ഡിസംബർ 4,5 തീയതികളിൽ കൊച്ചി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്തിൽ നടക്കും. മിഷൻ 2030: കേരളത്തെ രൂപാന്തരപ്പടുത്തുന്നു എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന സമ്മേളനം സുസ്ഥിര വളർച്ചയ്ക്കും ആധുനികവത്കരണത്തിനും സാങ്കേതിക മുന്നേറ്റത്തിനും ഊന്നൽ നൽകി കേരളത്തിന്റെ ഭാവി വികസനം സാധ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് സമ്മേളനം രൂപം നൽകും. അടിസ്ഥാന സൗകര്യങ്ങൾ ആധുനികവത്കരിക്കുക, വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം സാധ്യമാക്കുക, ആരോഗ്യ സംരക്ഷണം, സാമ്പത്തിക ശാക്തീകരണത്തിന് നൂതനാശയങ്ങൾ രൂപപ്പെടുത്തുക എന്ന ലക്ഷ്യവും സമ്മേളനത്തിനുണ്ട്.

'മിഷൻ 2030' ബ്ലൂപ്രിന്റ് സാങ്കേതിക വിദ്യാധിഷ്ഠിത മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും സുസ്ഥിരത, ഉൾപ്പെടുത്തൽ, തുല്യമായ വളർച്ച എന്നിവയിലൂന്നി കേരളത്തിന്റെ വളർച്ചയെ പരിപോഷിപ്പിക്കുമെന്നും ടൈ കേരള പ്രസിഡന്റ് ജേക്കബ് ജോയ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പ്രധാന വ്യവസായങ്ങളുടെ ആധുനികവത്കരണത്തിനും സുസ്ഥിര വളർച്ചയ്ക്കും ഊന്നൽ നൽകി കേരള വികസനത്തിനായുള്ള റോഡ് മാപ്പ് രൂപപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 50ലധികം പ്രഭാഷകരും 100 നിക്ഷേപകരും പങ്കെടുക്കുമെന്ന് ടൈക്കോൺ കേരള 2024ന്റെ ചെയറും വൈസ് പ്രസിഡന്റുമായ വിവേക് കൃഷ്ണ ഗോവിന്ദ് പറഞ്ഞു. സംസ്ഥാനത്തെ നിലവിലെ സംരംഭകത്വ ആവാസവ്യവസ്ഥയും ബിസിനസ്സ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള സർക്കാർ നയം എന്നിവ ടൈക്കോൺ സമ്മേളനം ചർച്ച ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ടൈക്കോൺ 2024ൽ സംസ്ഥാന റവന്യൂ, ഭവന നിർമ്മാണ മന്ത്രി കെ. രാജൻ, തെലങ്കാന ഐടി വ്യവസായ വകുപ്പ് മന്ത്രി കെ ടി രാമറാവു, കെഎസ്ഐഡിസി ചെയർമാൻ സി ബാലഗോപാൽ, ടൈ ഗ്ലോബൽ ബിഒടി വൈസ് ചെയർമാൻ മുരളി ബുക്കപട്ടണം, ടാറ്റ സ്റ്റാർകിക്ക് ഡയറക്ടർ രാധാകൃഷ്ണൻ കെ, അപെക്സ് ഹോസ്പിറ്റൽസ് ഡയറക്ടർ ഡോ.ഷീനു ജാവർ, ഐപി ലോയർ ജതിൻ ത്രിവേദി, ഐഐടി മദ്രാസ് ആർ 2 ഡി 2 സിഇഒ ജസ്റ്റിൻ ജെസുദാസ്, തിങ്ക് ബയോ എ ഐ പ്രസിഡന്റ് പ്രദീപ് പാലാഴി, ഐബിഎസ് എക്സിക്യൂട്ടീവ് ചെയർമാൻ വി കെ മാത്യൂസ്, ഗ്രൂപ്പ് മീരാൻ ചെയർമാൻ നവാസ് മീരാൻ, ഇസാഫ് ബാങ്ക് എംഡി പോൾ തോമസ്, മുത്തൂറ്റ് ഫിനാൻസ് എംഡി ജോർജ് അലക്സാണ്ടർ മുത്തൂറ്റ്, കെ എസ് ഐ ഡി സി എം ഡി ഹരികിഷോർ എന്നിവർ പങ്കെടുക്കും.രജിസ്ട്രേഷന്: : [www.tieconkerala.org](http://www.tieconkerala.org). കൂടുതൽ വിവരങ്ങൾക്ക്: 7025888862 info@tiekerala.or-g.മുൻ പ്രസിഡന്റ് ദാമോദർ അവനൂർ, നിയുക്ത വൈസ് പ്രസിഡന്റ് ജീമോൻ കോര, ചാർട്ടർ മെമ്പറും കാപിറ്റൽ കഫേ ചെയറുമായ റോഷൻ കൈനടി, അസോസിയേറ്റ് ഡയറക്ടർ ദിവ്യ തലക്കലാട്ട് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.



## ബിർള ഓപസ് പെയിന്റ്സിന്റെ നാലാമത്തെ പ്ലാന്റ് ഉദ്ഘാടനം ചെയ്തു

**ചാമരാജ്നഗർ :** ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഡിവിഷനായ ബിർള ഓപസ് പെയിന്റ്സിന്റെ നാലാമത്തെ പ്ലാന്റ് മൈസൂരിലെ ചാമരാജ് നഗറിൽ ആദിത്യ ബിർള ഗ്രൂപ്പ് ചെയർമാൻ കുമാർ മംഗലം ബിർള ഉദ്ഘാടനം ചെയ്തു. പൂർണമായും ഓട്ടോമേറ്റഡായ ഈ ഇന്റഗ്രേറ്റഡ് പെയിന്റ് പ്ലാന്റിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം ആരംഭിച്ചു, പുതിയ പ്ലാന്റ് തുറന്നതോടെ കമ്പനിയുടെ ഉൽപ്പാദന ശേഷി 866 എം.എൽ.പി.എ. (ദശലക്ഷം ലിറ്റർ പ്രതിവർഷം) ആയി ഉയർന്നു.

## സിയൽ എച്ച്ആർ സർവീസസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലുള്ള മാനവ വിഭവശേഷി സൊല്യൂഷനുകളുടെ സമഗ്രമായ സേവനം ലഭ്യമാക്കുന്ന സിയൽ എച്ച്ആർ സർവീസസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഓഹരി ഒന്നിന് 2 രൂപ വീതം മുഖവിലയുള്ള 335 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 4,739,336 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആംബിറ്റ് പ്രൈവറ്റ് ലിമിറ്റഡ്, സെൻട്രം ക്യാപിറ്റൽ ലിമിറ്റഡ്, എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ് എന്നിവരാണ് ഇഷ്യുവിൻറെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.




## കൊച്ചി വിമാനത്താവളത്തിന്റെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തൽ: പ്രൊജിലിറ്റി ടെക്നോളജീസുമായി കരാർ

**കൊച്ചി:** കൊച്ചി വിമാനത്താവളത്തിന്റെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തുന്നതിന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) പ്രൊജിലിറ്റി ടെക്നോളജീസിന് കരാർ നൽകി. ഇന്ത്യയിലെ ഏറ്റവും സാങ്കേതികമായി പുരോഗമിച്ച എയർപോർട്ടുകളിലൊന്നായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിനെ മാറ്റുമെന്നും

സിയാലിന്റെ ഡിജിറ്റൽ പരിവർത്തനത്തിന്റെ അടുത്ത ഘട്ടത്തിലും ഒരിക്കൽ കൂടി അർപ്പിക്കപ്പെട്ട വിശ്വാസത്തിലും ഭാഗമാകാൻ കഴിഞ്ഞതിൽ തങ്ങൾ അഭിമാനിക്കുന്നതായിം പ്രൊജിലിറ്റി ടെക്നോളജീസ് സിഇഒ ജൂലിയൻ വീറ്റ്ലാൻഡ് പറഞ്ഞു.വാണിജ്യ പ്രദർശനങ്ങൾക്കായുള്ള ഉള്ളടക്ക മാനേജ്മെന്റ് സിസ്റ്റം, അത്യാധുനിക ഫ്ലൈറ്റ് ഇൻഫർമേഷൻ ഡിസ്പ്ലേ എന്നിവ ഉൾപ്പെടുത്തി ടെർമിനൽ മൂന്നിനെ നവീകരിക്കുകയാണെന്നു സിയാലിലെ ജിഎമ്മും ഐടി ആൻഡ് കമ്മ്യൂണിക്കേഷൻ മേധാവിയുമായ സന്തോഷ് എസ് പറഞ്ഞു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com